# കർമ്മലകുസുമം

പുസ്തകം ൧൪) ൧൯൧൭ ഒക്ടോബർ (ലക്കം ൧.


## കത്തോലിക്കരുടെ ഒഴിച്ചുകൂടാത്ത ഒരു ചുമതല.

II.

തൃശ്ശിനാപ്പള്ളി രൂപതയിൽ വൈദിക അന്തസ്സിൽ പ്രവേശിച്ച് "മിഷ്യൻ" ജോലി നടത്തുന്നതിനു ആഗ്രഹമുള്ള പൈതങ്ങളെ പഠിപ്പിക്കുവാൻ പ്രാപ്തിയുള്ള കാരണവന്മാർ തുലോം ചുരുക്കമാകയാൽ, ഇപ്രകാരമുള്ള കുട്ടികളുടെ വൈദികപഠനത്തിനുവേണ്ടി ആണ്ടുതോറും നാട്ടുക്രിസ്ത്യാനികളിൽ നിന്ന് ധനശേഖരം ചെയ്തുവരുന്നു. ൧൯൧൨ മുതൽ നാളതുവരെ ഇക്കാര്യത്തിന് വൈദികരും, ദർശനക്കാരും (Sodalists) ജനങ്ങളിൽനിന്നു പിരിച്ചെടുത്തിട്ടുള്ള തുക ൧൨,൩൩൯ രൂപാ ൩ ണ. ൨ പൈ. അത്രേ. ഇതിൽ ആയിരം രൂപാ കോസ്റ്റ് എന്ന ധർമ്മിഷ്ഠനും, ൫൦൦ രൂപാ അനന്തരായ മുതലിയാർ എന്ന ദേഹവും സംഭാവന ചെയ്തതും, രണ്ടായിരം രൂപാ തൃശ്ശിനാപ്പള്ളി പട്ടണത്തിൽ പഴങ്ങൾ മുതലായ ചില്ലറ സാമാനങ്ങൾ വിൽക്കുന്ന കച്ചവടക്കാർ പിരിച്ചെടുത്തു ദാനംചെയ്തിട്ടുള്ളതുമാകുന്നു. ൧൯൧൪ മാർച്ചുമാസത്തിൽ മധുര ജില്ലയിൽ പെരിയകുളം എന്ന വനപ്രദേശത്തു് പറയർ മുതലായവരെ മനസ്സുതിരിപ്പിക്കുന്നതിന് വേലചെയ്യുന്ന മരിയ ളൂയിസ് എന്ന ഒരു സന്ന്യാസ വൈദികൻ പണസഹായത്തിനായി പത്രദ്വാരാ ജനങ്ങളോട് അപേക്ഷിക്കയുണ്ടായി. അധികം താമസിയാതെ കത്തോലിക്കരായ ൧൧ അൽമേനികൾ അദ്ദേഹത്തിനു ൨൫ രൂപാ അയച്ചുകൊടുത്തു. കഴിഞ്ഞയാണ്ടിൻെറ ആരംഭത്തിൽ അദ്ദേഹത്തിനു ൩൨ രൂപാ ലഭിച്ചു. പലേ അൽമേനികളും അദ്ദേഹത്തിന് മാസന്തോറും ൪, ൩, ൨, ൧ രൂപാവീതം അയച്ചുകൊണ്ടിരിക്കുന്നു. (ഇതുപോലെതന്നെ നമ്മുടെ നാട്ടിലും കുറേ മുമ്പു ഒരു വൈദികൻ അതേകാര്യത്തിനുവേണ്ടി ഒരപേക്ഷ പത്രദ്വാരാ പൊതുജനസമക്ഷം സമർപ്പിച്ചതിൽ പലേ വൈദികരും അദ്ദേഹത്തെ ഉദാരപൂർവ്വം സഹായിക്കയും സഹായിച്ചുകൊണ്ടിരിക്കയും ചെയ്യുന്നുവെന്നും, എന്നാൽ ലൌകികരുടെ ഇടയിൽനിന്നു അദ്ദേഹത്തെ സഹായിക്കുന്നതിന് മഹാമനസ്സന്മാരായ മാന്യന്മാർ വളരെ കുറവാണെന്നുമറിയുന്നു.) കൂടാതെ യൂറോപ്പിൽനിന്നു പ്രതിവത്സരം ലഭിച്ചുകൊണ്ടിരുന്ന ഗണ്യമായ പണത്തുക യുദ്ധംമൂലം കുറവുവരികയാൽ തൃശ്ശിനാപ്പള്ളി മെത്രാനച്ചൻ ൧൯൧൬ മെയ് മാസത്തിൽ ഒരിടയലേഖനംമൂലം സ്വന്ത രൂപതയിൽപെട്ട ജനങ്ങളോട് ടി. കുറവു തീർക്കുന്നതിനുവേണ്ടി ഓരോരുത്തരുടെ സ്ഥിതിക്കനുരൂപമായ വിധത്തിൽ മാസംതോറും ധനസഹായം ചെയ്യുന്നതിനുപദേശിക്കുകയും, വൈദികരുടെ ശ്രമംമൂലം മിക്കവാറും എല്ലാ ഇടവകയിൽപ്പെട്ട കത്തോലിക്കരും ഇതനുസരിച്ചു ഇന്നുവരെ പ്ര

വർത്തിച്ചുവരികയും ചെയ്യുന്നു. മേൽപറഞ്ഞ ഇടയലേഖനത്തിന്റെ ശേഷം രണ്ടുമാസത്തിനകം കത്തോലിക്കരായ അൽമേനികളിൽനിന്ന് ൪൨൫൦ രൂപാ പിരിഞ്ഞു. നമ്മുടെ ജനങ്ങളോടൊപ്പിച്ചു നോക്കിയാൽ പൊതുവായി ധനപുഷ്ടി വളരെ കുറഞ്ഞിരിക്കുന്ന ഈ രൂപതയിൽപെട്ട ജനങ്ങളിൽനിന്ന് ഇത്ര ചുരുങ്ങിയ സമയത്തിനകം ഇത്രയും രൂപാ പിരിഞ്ഞത് അവരുടെ കത്തോലിക്കാമതത്തോടുള്ള അസാധാരണ പ്രതിപത്തിയെ നല്ലവണ്ണം ചൂണ്ടിക്കാണിക്കുന്നു. ഈ പണപ്പിരിവു ഒന്നിനൊന്നു ഊർജ്ജിതമായി നടന്നുകൊണ്ടാണിരിക്കുന്നത്. ജനങ്ങൾ പണം ഓരോ ഇടവക വികാരിമാരെ ഏല്പിക്കയും അവർ "മിഷ്യൻ ഫണ്ട്" സിക്രട്ടറിക്കു അയച്ചുകൊടുക്കയും ചെയ്യുന്നു. ഇഷ്ടമുള്ളവർക്കു പണം നേരിട്ടു സിക്രട്ടറിക്കു അയച്ചുകൊടുക്കാവുന്നതാണ്. ഇപ്രകാരം മുപ്പതുരൂപാ മുതൽ അഞ്ചു രൂപാവരെ അയച്ചുകൊടുക്കുന്നവർ ധാരാളമുണ്ട്. ചില്ലറ പിരിവുവഴി ഇടവകകളിൽനിന്നു രണ്ടു രൂപാ മുതൽ അറുപതുരൂപാവരെ ലഭിച്ചിട്ടുണ്ട്. സാധുക്കൾപോലും ചില്ലറ ദാനംചെയ്യുന്നു. ഈ കഴിഞ്ഞകൊല്ലം പലേ സ്ഥലങ്ങളിൽനിന്നും പലപ്പോഴായി പിരിഞ്ഞുകിട്ടിയ തുക ൧,൬൩൫ രൂപാ. ൫ അ. ൧൦ പൈ. അത്രേ. പ്രായേണ ഈ തുക മുഴുവനും അൽമേനികളിൽ നിന്നത്രേ. വൈദികരിൽ നിന്നു പണംപിരിയാഞ്ഞത് എന്തുകൊണ്ടെന്നറിയുന്നതിനു ഒരു ജിജ്ഞാസ വായനക്കാർക്കുണ്ടായിരിക്കാം. തൃശ്ശിനാപ്പള്ളി രൂപതയിൽ വേലചെയ്യുന്ന വൈദികരിൽ ഭൂരിപക്ഷവും ഈശോസഭക്കാരായ സന്ന്യാസികളാകുന്നു. ഇടവകകളിൽ നിന്നുള്ള വരവു സാമാന്യം നിസ്സാരമായിരിക്കുന്നതിനാൽ ഇടവകപ്പട്ടക്കാരുടെ ചെലവും മെത്രാനച്ചൻതന്നെ വഹിച്ചുകൊണ്ടുവരുന്നു. പട്ടക്കാർ അതിനുപകരമായി അവർക്കുള്ള ചുരുക്കമായ വരവു മെത്രാനച്ചനെ ഏല്പിക്കയും ചെയ്യുന്നു. ഇതുനിമിത്തമായിരിക്കണം വൈദികരുടെ ധനസഹായം ഉണ്ടാകാതെപോയത്.

തൃശ്ശിനാപ്പള്ളിയെ അപേക്ഷിച്ചു മംഗലപുരം ജനപുഷ്ടിയിൽ തുലോം കുറഞ്ഞതെങ്കിലും ധനപുഷ്ടിയിൽ അതിനെ വളരെ കവിഞ്ഞുനിൽക്കുന്നു. മാത്രമല്ല ജനപുഷ്ടിയിലും ധനപുഷ്ടിയിലും മംഗലപുരം നമ്മുടെ സുറിയാനി മിസ്സങ്ങളോടു വളരെ അടുത്തുവരുന്നുണ്ട്. ദാനവിഷയത്തിൽ മംഗലപുരം കത്തോലിക്കരെ അതിശയിക്കുന്ന വല്ല മിസ്സങ്ങളും ഇൻഡ്യയിലുണ്ടായെന്നു സംശയമാണ്. മിസ്സത്തിനുവേണ്ടിയും പള്ളിപണിക്കായും മററും പതിനായിരംരൂപാ, നാലായിരം രൂപാ, ആയിരംരൂപാ എന്നിങ്ങനെ വലിയ തുകകൾ ദാനംചെയ്തിരിക്കുന്ന വൈദികർ അസാധാരണമല്ല. ജനങ്ങൾ വൈദികരെ അപേക്ഷിച്ചു ഒട്ടും പിന്നോക്കമല്ല. ഇവിടെയുള്ള സെൻറു അലോഷ്യസ് കോളജ്, കൊന്തമാതാവിന്റെ ഭദ്രാസനപ്പള്ളി, അത്ഭുതമാതാവിന്റെ പള്ളി, മുള്ളറച്ചന്റെ ധർമ്മാശുപത്രി, മററു പള്ളികൾ, മഠങ്ങൾ, സ്കൂളുകൾ മുതലായ ഓരോസ്ഥാപനങ്ങൾക്കും ആയിരം രൂപായോളവും അതിൽ കൂടുതലായും ദാനംചെയ്തിട്ടുള്ള ആളുകളുടെ പേരുകൾ ടി. സ്ഥാപനങ്ങളിൽ എഴുതിവെച്ചിട്ടുണ്ട്. ഡൽഹിയിൽ ഒരു കത്തീഡ്രൽ പണിയിക്കുന്നതിനുവേണ്ടി ഇൻഡ്യൻ കത്തോലിക്കരിൽനിന്നു പണംപിരിച്ചു നടന്നിരുന്ന ബ. റൊമുളൂസ് എന്ന പ്രാൻസിസ്കോസ് സഭക്കാരനച്ചന് കൊച്ചി, എറണാകുളം എന്ന രണ്ടു പട്ടണങ്ങളിൽനിന്നു കിട്ടിയ പണത്തേക്കാൾ അധികം ഇവിടെയുള്ള ഒരു സാധാരണ കച്ചവടക്കാരൻ കൊടുക്കയുണ്ടായി.

മംഗലപുരം മെത്രാനച്ചന്റെ അരമനയിരിക്കുന്ന സ്ഥലവും കെട്ടിടത്തിന്റെ ഒരു പ്രധാനഭാഗവും ഒരു മാന്യകുടുംബത്തിന്റെ ദാനമത്രേ. പുത്രസന്താനമില്ലാതിരുന്ന മനുവൽ ലോബൊ എന്ന ഒരു ധനികൻ ഒരുലക്ഷംരൂപാ വിലപിടിക്കുന്ന അയാളുടെ വസ്തുക്കൾ മിസത്തിനു വേണ്ടി ഒഴിഞ്ഞുകൊടുത്തിട്ടുണ്ട്. ഇത്ര ധാരാളമായി ഈ ജനങ്ങൾ ധനസഹായം ചെയ്യുന്നത് പണത്തിളപ്പുകൊണ്ടു മാത്രമാണോ? ഒരിക്കലുമല്ല. ഇവരെപ്പോലെയുള്ള ധനവാന്മാരായ കത്തോലിക്കർ നമ്മുടെ സുറിയാനിക്കാരുടെ ഇടയി

ല്ലുമുണ്ടു്. ഈ ദാനകൃത്യത്തിന്നു ഇവരെ പ്രേരിപ്പിക്കുന്നതു് ഇവരിൽ തിളങ്ങുന്ന കത്തോലിക്കാ ചൈതന്യവും, ദൈവത്തെക്കുറിച്ചു് മതാഭിവൃദ്ധിക്കായി ദാനം കൊടുക്കുന്നവരുടെ സമ്പത്തു ദൈവം വർദ്ധിപ്പിക്കുമെന്നുള്ള ശരണവുമാകുന്നു. ഈ ദാനതല്പരതയും ഉദാരതയും ധനവാന്മാരുടെയിടയിൽ മാത്രമല്ല, സാധുക്കളുടെയിടയിലും കാണുന്നു. അലക്കുജോലി നടത്തി ഉപജീവനം കഴിക്കുന്ന ഒരു മനുഷ്യൻ തന്റെ സമ്പാദ്യത്തിൽനിന്നു് ഒരു വലിയതുക, അതായതു നൂററി അൻപതു രൂപാ ഒരു പള്ളിക്കുവേണ്ടി ദാനിച്ചുവെന്നു പറയുമ്പോൾ ഇതിന്റെ വസ്തുത മനസ്സിലാക്കാം. നമ്മുടെ നാട്ടിൽനിന്നുകൂടെയും ചില വൈദികർ മംഗലപുരത്തുചെന്നു് അനാഥശാലകൾക്കും മററുമായി പണംപിരിച്ചിട്ടുള്ളതായി അറിയുന്നു.

ഈ മിസത്തിൽ മതപ്രചാരത്തിനായി പ്രൊപ്പഗാന്തു് തിരുസംഘത്തിൽനിന്നു്, ഇൻഡ്യയിലുള്ള മററു ലത്തീൻരൂപതകൾക്കും മിസങ്ങൾക്കും കൊടുക്കുന്നതുപോലെ, ആണ്ടുതോറും നാല്പത്തയ്യായിരം ഉറുപ്പിക (൪൫,൦൦൦ രൂ.) കൊടുക്കുന്നുണ്ടു്. കൂടാതെ യൂറോപ്പിലും അമേരിക്കായിലുമുള്ള വേദപ്രചാര സംഘങ്ങളിൽനിന്നും, തിരുബാല്യ സഖ്യതകളിൽനിന്നും, മററു മിസങ്ങൾക്കെന്നതുപോലെ ഈ മിസത്തിനും, ഈ യുദ്ധംതുടങ്ങുന്നതുവരെ ഏകദേശം മുൻപറഞ്ഞ പണത്തുകതന്നെ കിട്ടിയിരുന്നതായി കേൾക്കുന്നു. എന്നാൽ യുദ്ധം തുടങ്ങിയതിനോടുകൂടെ ഇതിനു കുറവുവരികയാൽ മംഗലപുരം മെത്രാനച്ചനും ഒരിടയലേഖനംമൂലം തൃശ്ശിനാപ്പള്ളിയിൽ നടക്കുന്നതുപോലെ ഒരു പൊതു പണപ്പിരിവു നടത്തുന്നതിനു് ആജ്ഞാപിച്ചു. ഓരോ ഇടവകകളിൽനിന്നും പണം പിരിക്കുന്നതിനുള്ള ബാദ്ധ്യത വികാരിമാരെയാണു ഏല്പിച്ചിരിക്കുന്നതു്. ഈ പിരിവു ഇന്നുവരെ ക്രമമായി നടന്നുകൊണ്ടിരിക്കുന്നു. ഈ ആണ്ടു ജനുവരി മുതൽ ജൂലൈ ൧൫-നു-വരെയുള്ള ആറുമാസത്തിന്റെ ഇടകൊണ്ടു പിരിഞ്ഞ സംഖ്യ രണ്ടായിരത്തി ഇരുനൂററിയഞ്ചു രൂപാ ൩ ണ. ൯ പൈ. (൨൨൦൫ രൂ. ൩ ണ. ൯ പൈ.) അത്രെ. ഇതിൽ ൧,൫൮൮ രൂപാ ൨ ണ. ൫ പൈ. ൯൮ ഇടവകകളിൽനിന്നു് വികാരിമാർ പിരിച്ചയച്ചതാകുന്നു. ഇടവകകളിൽനിന്നു് ഒരുരൂപാ മുതൽ ൪൧൮ വരെ പിരിഞ്ഞിട്ടുണ്ടു്. ടി. പള്ളികളിൽ ഓരോന്നിൽനിന്നും പിരിഞ്ഞതു് കൂടിയതു നൂറുരൂപായിലധികവും കുറഞ്ഞതു പത്തുരൂപയിലധികവുമാണു്. മററുവിധത്തിൽ ഓരോ പ്രത്യേക ആളുകളിലും സ്ഥലങ്ങളിലുംനിന്നു പിരിഞ്ഞതുക ൩൧൫ രൂപാ. ൪ ണ. ൪ പൈ. ആകുന്നു. ഉദാരബുദ്ധികളായ അൽമേനികൾ ൩൦രൂപാ മുതൽ ൧൦രൂപാവരെയും, ൪-ം, ൨-ം വിതവും കൊടുത്തിട്ടുണ്ടു്. ഈ വിവരങ്ങൾ എടുത്തിരിക്കുന്നതു മംഗലപുരം മെത്രാനച്ചൻ ജൂലൈ ൨൦-ാംനു- അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു ലിസ്റ്റിൽനിന്നാകുന്നു. ഈ ലിസ്റ്റ് ഓരോ ഇടവകകൾക്കും അയച്ചുകൊടുക്കുന്നതിനും, പള്ളികളിൽ ഞായറാഴ്ച പരസ്യമായി വായിക്കുന്നതിനും, അതിന്റെശേഷം പള്ളിവാതുക്കൽ പററിക്കുന്നതിനുമാണു് മെത്രാനച്ചന്റെ കല്പന.

ഇതുപോലെയുള്ള പണപ്പിരിവു കൽക്കട്ട മുതലായ പല മിസ്സങ്ങളിലും ഫലപ്രദമായി നടത്തിവരുന്നുണ്ടു്. എന്നാൽ മലയാളത്തിനു പുറത്തുള്ള രൂപതകളുടെ ദൃഷ്ടാന്തം പോരെങ്കിൽ, ഇതാ ജനപുഷ്ടിയും ധനപുഷ്ടിയുംകൊണ്ടു ചങ്ങനാശേരി, തൃച്ചൂർ എറണാകുളം എന്ന മിസങ്ങളേക്കാൾ ചെറുതായിരിക്കുന്ന വരാപ്പുഴ അതിരൂപതിയിലും ഇതാരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ൩ മാസത്തിനിടകൊണ്ടു് ൧൭ ഇടവകകളിൽനിന്നു ൨൦൦-ൽ പരം ഉറുപ്പിക പിരിഞ്ഞിരിക്കുന്നതായി കാണുന്നു. എറണാകുളം മിസത്തിലും ഈ ഏർപ്പാടു തുടങ്ങിയിരിക്കുന്നുവെന്നുള്ളതു് സന്തോഷപ്രദമായ ഒരു സംഗതിയാണു്.

യൂറോപ്പിലും അമേരിക്കായിലുമുള്ള കത്തോലിക്കർ അവക്കു ലൌകികമായ ഏതെങ്കിലും കാൎയ്യലാഭത്തിനായിട്ടല്ല, പിന്നയൊ എല്ലാ ക്രിസ്ത്യാനികളുടേയും ഒരു കൎത്തവ്യം നിറവേററുന്നതിനായിട്ടു്, നമ്മുടെ ഇടയിലുള്ളവരും നമ്മുടെ നാട്ടു

കാരുമായ അകത്തോലിക്കരുടെ മനസ്സുതിരിവിന് ഇത്ര ഉദാരതയോടെ പണസഹായം ചെയ്യുകയും നമ്മുടെ ഇൻഡ്യായിൽ തന്നെയുള്ളതും കത്തോലിക്കാ സുറിയാനി മിസങ്ങളേക്കാൾ ധനപുഷ്ടിയിലും ജനപുഷ്ടിയിലും തുലോം കുറഞ്ഞതുമായ രൂപതകളിൽപെട്ട നാട്ടുകത്തോലിക്കർ ഈ യുദ്ധകാലത്തു പണത്തിനുള്ള സാധാരണ ക്ഷാമം ഗണ്യമാക്കാതെ കത്തോലിക്കാ മതപ്രചാരത്തിനു വേണ്ടിയുള്ള അവരുടെ പ്രതിപത്തിയെ ധാരാളമായ ദാനംവഴിയായി കാണിക്കകയും ചെയ്യുന്നതാലോചിച്ചാൽ, വി. തോമ്മാശ്ലീഹായുടെ കാലം മുതൽക്കു പ്രത്യേക ദൈവാനുഗ്രഹത്താൽ കത്തോലിക്കാ തിരുസഭയുടെ ഐക്യത്തിൽ നിലനിൽക്കുന്നവരാണെന്നു ഉൽഘോഷിക്കുന്നവരും, കേരളത്തിലെ താണജാതിക്കാരായ പറയർ, പുലയർ മുതലായവരെ മനസ്സുതിരിക്കുന്നതിന്, ഇതരരാജ്യക്കാരേയും ജനങ്ങളേയുംകാൾ സൌകൎയ്യവും സ്വാധീനവുമുള്ളവരുമായ നാം ഇനിയും മതപ്രചാരവിഷയത്തിൽ അമാന്തമായിരിക്കാമോ?

ഈ വിഷയത്തിൽ ഇനിയും നാം നമ്മുടെ കടമയെ നിറവേററുന്നതിന് മടിക്കുന്നപക്ഷം വിദേശികളും സ്വദേശികളുമായ കത്തോലിക്കരുടെ ദൃഷ്ടാന്തം നമ്മെ ഗൌരവമായി ശാസിക്കുന്നു. ഇവിടെ ഒരു പ്രത്യേക കാൎയ്യംകൂടെ ഓൎമ്മിക്കേണ്ടതുണ്ട്. ഇൻഡ്യയിലുള്ള മിക്കലത്തീൻ രൂപതകൾക്കും പ്രൊപ്പഗാന്ത തിരുസംഘത്തിൽ നിന്നും വേദപ്രചാരസംഘങ്ങളിൽ നിന്നുമായി അൻപതിനായിരത്തിലധികംരൂപാ ആണ്ടുതോറും അയച്ചുകൊടുക്കുന്നുണ്ടെന്നു മുൻപറഞ്ഞല്ലൊ. നമ്മുടെ സുറിയാനി മിസങ്ങൾക്കു ഈ സഹായം ചെയ്യാത്തതിൻെറ ഒരു പ്രധാന കാരണം, സുറിയാനി മിസങ്ങൾ ഇൻഡ്യയിലുള്ള മററു മിസങ്ങളെ അപേക്ഷിച്ച്. ജനപുഷ്ടിയിലും ധനപുഷ്ടിയിലും ഏറക്കുറെ കവിഞ്ഞു നിൽക്കുന്നതിനാൽ ഈ മിസങ്ങളിൽ വേദപ്രചാരത്തിനു ആവശ്യമായിരിക്കുന്ന പണം ഇവിടെയുള്ള കത്തോലിക്കരിൽ നിന്നു പിരിച്ചെടുക്കേണ്ടതാണെന്നുള്ള അഭിപ്രായമാണ്. ആകയാൽ ശീമയിലുള്ള വേദപ്രചാരസംഘങ്ങളിൽനിന്നും പ്രൊപ്പഗാന്ത് തിരുസംഘത്തിൽനിന്നും ആണ്ടുതോറും ലഭിക്കുന്ന വലിയ പണത്തുകകൊണ്ടുമാത്രം തൃപ്തിപ്പെടുന്നതുചിതമല്ലെന്ന് വിചാരിച്ച് ലത്തീൻരൂപതകളിൽപെട്ട കത്തോലിക്കർ ഇപ്പോൾ എല്ലാ ഇടവകകളിലും വേദപ്രചാരത്തിനുവേണ്ടി പണപ്പിരിവു നടത്തുന്നുവെങ്കിൽ, ടി. സഹായങ്ങൾ നിശ്ശേഷമില്ലാത്ത സുറിയാനി മിസങ്ങളിൽപെട്ട കത്തോലിക്കർ എത്രയൊ കൂടുതലായ ധനസഹായം ചെയ്യണം! ഇതു നമ്മുടെ കൎത്തവ്യ് നിമ്മിൽനിന്നു ആവശ്യപ്പെടുന്നതും നമ്മുടെ വൈദികാദ്ധ്യക്ഷന്മാർ നമ്മോടു താല്പൎയ്യമായി ഉപദേശിക്കുന്നതുമായ ഒരു സംഗതിയാണ്.

എന്നാൽ വല്ലവരും പറയുമായിരിക്കും, "ഞങ്ങൾ വലിയ ധനികന്മാരല്ല; സ്വകുടുംബങ്ങളുടെ ചെലവു വഹിച്ചുകൊണ്ടുപോകുന്നതിന് കഷ്ടിച്ചുമാത്രം സാധിക്കുന്നു. പോരെങ്കിൽ കടംമേടിച്ചിരിക്കുന്ന പണത്തിനു പലിശകൊടുക്കുവാനുമുണ്ട്." പലേ ആളുകളെ സംബന്ധിച്ചു ഇതു നിഷേധിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഓരോരുത്തൎക്കു പാടുള്ളതിൽ കൂടുതൽ ആരും ആവശ്യപ്പെടുന്നില്ല. മാസത്തിൽ അഥവാ ആണ്ടിൽ ഒരു ചക്രം കൊടുക്കുന്നതിനു ആൎക്കാണു സാധിക്കാത്തതു? നമ്മുടെ അയൽരൂപതകളിൽ ഇപ്പോൾ ധനസഹായം ചെയ്യുന്ന കത്തോലിക്കരുടെ സ്ഥിതി നമ്മുടേതിനെക്കാൾ ഉയൎന്നതല്ല. ശീമയിൽനിന്നു വേദപ്രചാരാൎത്ഥം പിരിയുന്ന പണത്തുകയിൽ ഏററവും വലിയഭാഗം സാധുക്കളായ ജനങ്ങൾ ആഴ്ചതോറും കൊടുക്കുന്ന അര അണയിൽ നിന്നാകുന്നുവെന്നു മുൻപറഞ്ഞുവല്ലൊ. ഇതിൽ അതിശയിക്കാനില്ല. ൨൮,൦൦൦പേർ ആണ്ടിൽ ഒരു ചക്രംവീതം കൊടുത്താൽ രൂപാ ആയിരമായി.

വേദപ്രചാരാൎത്ഥം കൊടുക്കുന്ന പണം പള്ളിവസ്തു പോലെയെന്നു പ്രൊപ്പഗാന്തസംഘം തീർച്ചപ്പെടുത്തിയിട്ടുണ്ടു. മാത്രമല്ല, ഇതിനാൽ നാം ഒരേ സമയത്തു തന്നെ പള്ളിക്കും, വേദപ്രചാരണത്തിനും, ദരിദ്രന്മാരായ അജ്ഞാനികൾ

ക്കം, ദൈവസ്തുതിക്കുമായി കൊടുക്കുന്നതു കൊണ്ടു ഇതു മറെറതുവക ദാനത്തേക്കാ ളും ശ്രേഷ്ഠമായതും ഫലം കൂടിയതുമാകു ന്നു. വാസ്തവത്തിൽ ഈ ദാനം കർത്താ വിന്നു പണം പലിശക്കു കൊടുക്കുന്നതു പോലെയാകുന്നു. പണം പലിശക്കു കൊ ടുക്കുന്നവൻ അതു വർദ്ധിക്കുന്നതുപോലെ നാം വേദപ്രചാരാൎത്ഥം ദാനം ചെയ്യു മെങ്കിൽ നമ്മുടെ ലൌകിക സമ്പത്തും വൎദ്ധിക്കും. ധനം വൎദ്ധിക്കുന്നതു കൃഷിവി ളവുകൾ സാമാന്യമുള്ളതിനേക്കാൾ കൂടു തലായി വിളയുന്നതുകൊണ്ടും കച്ചവട ത്തിലും മററും ധാരാളമായി ലാഭം വരു ന്നതുകൊണ്ടും നമ്മുടെ ഏൎപ്പാടുകളെല്ലാം ശുഭമായി പൎയ്യവസാനിക്കുന്നതിനാലും ദുർവ്യയങ്ങൾക്കിടയാകാത്തതിനാലും മ ററുമാണല്ലോ. ഇവയെല്ലാം ദൈവാനു ഗ്രഹത്തിലാശ്രയിച്ചിരിക്കുന്നു. ആകയാ ൽ ദൈവത്തേക്കുറിച്ചും, അജ്ഞാനികൾ സത്യവേദത്തിൽ കൂടി ദൈവത്തെ സ്നേ ഹിക്കുന്നതിനും വേണ്ടി ധനസഹായം ചെയ്യുന്നവരെ ദൈവം പ്രത്യേക വിധ ത്തിൽ ആശീൎവ്വദിക്കാതിരിക്കയില്ല. നല്ല നിയോഗത്തോടുകൂടെ ദാനം ചെയ്യനിമി ത്തം ഒരു കുടുംബമെങ്കിലും ക്ഷയിച്ചുപോ യതായി കേട്ടിട്ടില്ല. നേരെമറിച്ചു, ദാനം നിമിത്തം കാൎയ്യങ്ങൾ ശുഭമായിവരികയും കടങ്ങൾ വീട്ടുകയും സമ്പത്തു നില നി ൽക്കയും ചെയ്തിട്ടുള്ള കുടുംബങ്ങൾ ധാ രാളമുണ്ട്. ഇതിൽ അതിശയിക്കാനില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തെക്കുറിച്ച് ദാ നം ചെയ്യുന്നവൎക്കു നിത്യസമ്മാനം കൂടാ തെ ഇഹലോകത്തിൽപോലും ൧൦൦ ഇ രട്ടി നൽകുമെന്നു ഏററവും വിശ്വസ്തനാ യ നമ്മുടെ ദിവ്യരക്ഷിതാവു വാഗ്ദാനം ചെയ്തിട്ടുണ്ടു. കൂടാതെ നമ്മുടെ ദാനം നിമിത്തം ദൈവത്തെ അറിഞ്ഞു സ്നേഹി പ്പാനിടവരുന്ന ആത്മാവുകളുടെ അപേ ക്ഷയും നമുക്കു ലഭിക്കും. ഒരു പാപിയു ടെ ആത്മാവിനെ രക്ഷിക്കുന്നവൻ സ്വ ന്തം ആത്മരക്ഷ നിശ്ചയമുള്ളതാക്കി തീ ൎക്കുന്നുവെന്നുള്ള വേദവാക്യവും ഇവിടെ സ്മരണീയമാണ്. വേദപ്രചാരത്തിനു ധനസഹായം ചെയ്യുന്നതു നിമിത്തം ന മ്മുടെ ഏററവും വലിയ കടമകളിൽ ഒ ന്നു നിൎവ്വഹിക്ക മാത്രമല്ല, നമ്മുടെ ആ ത്മശരീരങ്ങൾക്കു ഏററവും പ്രയോജനമു ള്ളതും നമ്മുടെ സമ്പത്തുപോലും വൎദ്ധി ക്കുന്നതിനു വളരെ ഉതകുന്നതുമായ ഒ രു കാൎയ്യം നാം ചെയ്യുന്നു. ആകയാൽ നമ്മുടെ ധനസ്ഥിതിക്കനുരൂപമായി മാ സത്തിലോ ആണ്ടിലോ ൧൦, ൫, ൨, ൧ രൂപാ വീതമോ, അഥവാ ൧൦, ൫, ൨, ൧ ചക്രം വീതമോ നമുക്കും നമ്മുടെ അ യൽരൂപതകളിൽപെട്ട കത്തോലിക്കർ ചെയ്യുന്നതുപോലെ കൊടുക്കാം. എല്ലാ സമയത്തും പണം കയ്യിലില്ലെങ്കിൽ തേ ങ്ങാ, മുളകു, ചുക്കു മുതലായ സാമാന ങ്ങൾ വില്ക്കുമ്പോൾ പണം ലഭിക്കുന്ന തിൽനിന്നു ഒരു ഭാഗം ഉടനെ ഇതിനാ യി കൊടുക്കാമല്ലോ. ഇടവകപള്ളിക ളിൽ ഇതിനായി നേൎച്ചപ്പെട്ടി വച്ചിട്ടു ണ്ടെങ്കിൽ അതിൽ ഇടുകയും അല്ലാത്ത പക്ഷം വിവരം പറഞ്ഞു വൈദികരെ ഏല്പിക്കയൊ, അല്ലെങ്കിൽ പുലയർ മുത ലായവരുടെ മാനസാന്തരത്തിനു സദാ വേല ചെയ്യുന്ന നമ്മുടെ അച്ചന്മാരെ ഏൾപ്പിക്കയോ ചെയ്യാവുന്നതാണ്.

ടി. ൭.

---

## ചാവദോഷം.

൧. ചാവദോഷം ചെയ്യുന്നവൻ ഈ ശോമ്ശിഹായുടെ പാടുകളെ നവീക രിക്കയും അവൻെറ ഹൃദയത്തിൽ മ്ശി ഹായെ കുരിശിൽ തറയ്ക്കുകയും ചെയ്യുന്നു. ചാവദോഷം ചെയ്യുന്നവർ ദൈവപുത്ര നെ വീണ്ടും കുരിശിൽ തറയ്ക്കുന്നുവെന്നു വി. പൌലോസ് എബ്രായക്കാൎക്കുള്ള ലേ ഖനം ൬-ാം അദ്ധ്യായം ൬-ാം വചന ത്തിൽ പറഞ്ഞിരിക്കുന്നു. ചാവദോഷം ദൈവത്തെ നിൎമ്മൂലമാക്കാൻ തക്ക തി ന്മയുള്ളതാകുന്നുവെന്നു വി. ബെൎണ്ണാർദ് പ റയുന്നു. ദൈവം, സ്വഭാവത്താൽ അമർ ത്യനും അക്ഷയനുമായിരിക്കുന്നു. എന്നാ ൽ ഇപ്രകാരമല്ലാതിരുന്നെങ്കിൽ ദോഷ ത്തിന്മേലുള്ള വെറുപ്പു കാരണത്താൽ അ വിടുന്നു മരിച്ചുപോകുമായിരുന്നു. അൽ ബിജെൻസസ് എന്ന പാഷണ്ഡികർ പല ദുഷ്ടതകളും ചെയ്തു വന്നിരുന്നു.

ഈ സമയം ദൈവജനനി, ഈശോ മരിക്കയിൽ കുരിശിൻപക്കൽ വ്യാകുലപൂരിതയായി നിന്നിരുന്ന പ്രകാരം വളരെ ദുഃഖത്തോടെ ലുത്തഗാർദ്ദ എന്ന പുണ്യവതിക്കു പ്രത്യക്ഷയായി. ഇത്ര വലിയ ദുഃഖത്തിനു കാരണമെന്തെന്നു പ്രസ്തുത പുണ്യവതി ദിവ്യ ജനനിയോടു ചോദിച്ചതിന്നു "ബിജെൻസസ് പതിതർ എന്റെ പുത്രനെ വീണ്ടും കുരിശിൽ തറയ്ക്കുന്നതുകൊണ്ടാണു ഞാൻ ദുഃഖിതയായിരിക്കുന്നതു്" എന്നു മറുപടി പറഞ്ഞു. ഒരു ദിവസം ക്ലാരപുണ്യവതിയുടെ സഭക്കാരിയായ വി. കൊളെത്താ പാപികളെക്കുറിച്ചു പുത്രന്റെ പക്കൽ മാദ്ധ്യസ്ഥം പറയണമെന്നു ദൈവ ജനനിയോടു പ്രാർത്ഥിക്കയിൽ പുത്രനെ കരങ്ങളിൽ എടുത്തുകൊണ്ടു മാതാവു ആ പുണ്യവതിക്കു പ്രത്യക്ഷയായി. പുത്രൻ സന്തോഷഭാവത്തിലല്ല, ദേഹം മുഴവൻ മുറിവുകളാൽ നിറഞ്ഞും രക്തപ്രവാഹത്തോടും വളരെ ദുഃഖത്തോടുംകൂടിയാണ് മാതാവിന്റെ കരങ്ങളിൽ എഴുന്നള്ളിയിരുന്നതു്. അപ്പോൾ "ഇതു ദുഷ്ടരുടെ ക്രൂരകൃത്യമാണ്; ഇവർ യൂദന്മാരെക്കാൾ മ്ശിഹായെ അവരുടെ ദോഷങ്ങളാൽ മുറിപ്പെടുത്തുകയും രക്തവർണ്ണമാക്കുകയും ചെയ്യുന്നു"വെന്നു മാതാവു അരുളിച്ചെയ്തു. ദേഹം മുഴവൻ വ്രണപ്പെട്ടും രക്തത്തിൽ കുളിച്ചും കുരിശിന്മേൽ തൂങ്ങിക്കിടക്കുന്ന ഭാഷയിൽ ഒരു ദിവസം ഈശോ ബ്രിജീത്താ പുണ്യവതിക്കു പ്രത്യക്ഷനായി. ഈ മുറിവുകൾക്കു കാരണം എന്തെന്നു പുണ്യവതി കർത്താവിനോടു ചോദിച്ചതിന്, "പാപികളാണ് ഇതിനു കാരണം. അവർ അവരുടെ ദോഷങ്ങളാൽ എന്നെവീണ്ടുംകുരിശിൽ തറയ്ക്കുകയും വേദനപ്പെടുത്തുകയും ചെയ്യുന്നു"വെന്നു അവിടുന്ന് അരുളിച്ചെയ്തു. ഹാ! ഭയങ്കരം!! പാപികൾ എത്രയൊ വലിയ അക്രമമാണു ചെയ്യുന്നതു്. അവരുടെ ദുഷ്പ്രവൃത്തികളാൽ ഈശോയെ കുരിശിൽ തറയ്ക്കുന്നു. ആരേ? ദൈവവും രാജാക്കളുടെ രാജാവും അവരുടെ സ്രഷ്ടാവും രക്ഷിതാവും പിതാവുമായ ആളിനെത്തന്നെ. ഹാ! എത്രയൊ വലിയ പാതകം!

൨. ചാവദോഷം ആത്മാവിനെ കൊല്ലുന്നു. ശരീരത്തിന്റെ ജീവൻ ആത്മാവാകുന്നു. ആത്മാവിന്റെ ജീവൻ ദൈവേഷ്ടപ്രസാദമാകുന്നു. ശരീരത്തിൽനിന്ന് ആത്മാവു പിരിയുമ്പോൾ ശാരീരികമരണം ഉണ്ടാകുന്നതുപോലെ, ദൈവേഷ്ടപ്രസാദം ചാവദോഷംമൂലം ആത്മാവിൽനിന്നു പോകുമ്പോൾ, ആത്മാവു മരണംപ്രാപിക്കുന്നു. ഇതിനാലാണ് പാപം മരണത്തെ വരുത്തുന്നു എന്നു യാക്കോ ശ്ലീഹാ (യാക്കോ. ൧ അ. ൧൫ വച.) അരുളിച്ചെയ്യുന്നതു്. ആത്മാവു മരിക്കുന്നുവെന്നു പറയുമ്പോൾ അതു നിർമ്മൂലമായിപോകുന്നുവെന്നല്ല ഗ്രഹിക്കേണ്ടതു്. അതിന്റെ ജ്ഞാനജീവനായ ഇഷ്ടപ്രസാദവും ദൈവവും അതിനു നഷ്ടിഭവിക്കുന്നുവെന്നു മനസ്സിലാക്കേണ്ടതാണ്. ഈ അർത്ഥത്തിലാകുന്നു റൂഹാദക്കുദശാ തമ്പുരാൻ, ദോഷം ചെയ്യുന്ന ആത്മാവു മരിക്കും എന്ന് (എസെക്കി. ൧൮. ൪.) അരുളിച്ചെയ്യുന്നതു്. വിലക്കപ്പെട്ട വൃക്ഷത്തിന്റെ കനി ഭുജിക്കുന്ന ദിവസം നീ മരിക്കുമെന്നു ദൈവം ആദിപിതാവിനോടു കല്പിച്ചിട്ടുണ്ടായിരുന്നു. കനി തിന്നശേഷം ൯൦൦ വർഷം അദ്ദേഹം ജീവിച്ചു. ദൈവവാക്കിൻപ്രകാരം ആദം എങ്ങിനെ മരിച്ചു. അതു് ജ്ഞാനമരണത്താൽ തന്നെ. "വിഴച്ച ദിവസംതന്നെ ആദിമാനുഷൻ ആത്മസംബന്ധമായി മരിച്ചുവെന്നു നാം പറയുന്നു"വെന്നു വി. ഗ്രിഗോറിയോസ് അരുളിച്ചെയ്യുന്നുണ്ടു്. സുഖഭോഗങ്ങളിൽ ജീവിക്കുന്ന വിധവ, സജീവയെങ്കിലും മരിച്ചവളാകുന്നുവെന്നു (൧. തിമാത്ത. ൫. ൬.) വി. പൌലോസ് പറയുന്നു. ചാവദോഷം ചെയ്യുന്നവൻ ജീവനുള്ളവനായി കാണപ്പെടുന്നുണ്ടെങ്കിലും, ആത്മീയവിധത്തിൽ മരിച്ചിരിക്കയാണ്. "സജീവൻ എന്നു നിനക്കു നാമമുണ്ടു്. എന്നാൽ നീ മരിച്ചവനാകുന്നു" എന്നു വെളിപാടാഗമം ൩-ാം അദ്ധ്യായം ൧-ാം വാക്യത്തിൽ പറയപ്പെട്ടിരിക്കുന്നു. ആകയാൽ നീ ആരായിരുന്നാലും നീ ഒരു ചാവദോഷം ചെയ്യുമ്പോൾ നിന്റെ ആത്മാവു മരിച്ചുപോകുന്നു. മരിച്ചവന്നു നേത്രങ്ങളുണ്ടെങ്കിലും ദർശിക്കുന്നില്ല. ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല. നാവുണ്ടെ

ങ്കിലും സംസാരിക്കുന്നില്ല. കരങ്ങളുണ്ടെങ്കിലും പ്രവൎത്തിക്കുന്നില്ല. കാലുണ്ടെങ്കിലും നടക്കുന്നില്ല. ഇപ്രകാരം ചാവദോഷത്തിലിരിക്കുന്ന ഒരാത്മാവിന്ന് നിത്യജീവന്നുപകരിക്കത്തക്ക യാതൊന്നും പ്രവൎത്തിക്കുന്നതിന്നു പാടില്ല. പൌലോസ് ശ്ലീഹായുടെ അഭിപ്രായപ്രകാരം (൧. കൊറ. അ. ൧൩.) ചാവദോഷത്തിലിരിക്കുന്നവൻ അവന്റെ സ്വത്തുക്കളെല്ലാം ഭിക്ഷക്കാൎക്കു കൊടുത്താലും അഗ്നിക്കിരയാകുന്നതിന്നു തന്റെ ശരീരത്തെ ഏല്പിച്ചാലും മറ്റെന്തുതന്നെ ചെയ്താലും അവനിൽ ദൈവേഷ്ടപ്രസാദമെന്ന ആത്മജീവനില്ലാത്തതുകൊണ്ട് തന്നിമിത്തം യാതൊരു പ്രയോജനവുമില്ല. മരിച്ചവന്നു ലോകവസ്തുക്കളിന്മേലുള്ള അൎഹതയും കൎത്തവ്യവും ഇല്ലാതെയാകുന്നു. ഇപ്രകാരംതന്നെ ചാവദോഷം ചെയ്യുവൻ അതുവരെ സമ്പാദിച്ച യോഗ്യതകളെല്ലാം ആ ദോഷത്താൽ അവന്നു നഷ്ടപ്പെടുന്നു. വളരെ തപസ്സും ദാനധൎമ്മങ്ങളും മററു പുണ്യപ്രവൃത്തികളും ചെയ്യുവൻതന്നെയായിരുന്നാലും ചാവദോഷത്തോടെ മരിച്ചാൽ നിത്യനരകത്തിൽ അവസാനമില്ലാത്ത കാലത്തോളം സകല വേദനകളും അനുഭവിക്കേണ്ടി വരുന്നതാണ്. ആകയാൽ പ്രിയ വായനക്കാരേ! നിങ്ങളിൽ വല്ലൊരുത്തൻ ചാവദോഷത്താൽ മരിച്ചിരിക്കുന്നുവെങ്കിൽ സാക്ഷാലുള്ള മനസ്താപത്തോടെ പാപസങ്കീൎത്തനം ചെയ്തു ആത്മജീവനെ സമ്പാദിക്കുക; മേലിൽ പിഴയ്ക്കാതെയിരിക്കുക; ദോഷത്തിന്റെ ഹേതുക്കളിൽ നിന്നും വിട്ടുമാറുക; മരണം കള്ളനെപ്പോലെ, ആരും ഓൎക്കാതിരിക്കുന്ന സമയം വരുന്നതിനെ നിങ്ങൾ കാണുന്നില്ലേ? അതിനാൽ മണവാളൻ വരുമ്പോൾ പന്തം കത്തിച്ചു പുറപ്പെടത്തക്കവണ്ണം ബുദ്ധിയുള്ള കന്യകകളെപ്പോലെ ദൈവേഷ്ടപ്രസാദമെന്ന എണ്ണ എല്ലായ്പോഴും കൈവശം വെച്ചുകൊണ്ടിരിപ്പിൻ. ആ ദിവസവും നാഴികയും നിങ്ങൾ അറിയാത്തതുകൊണ്ടു എല്ലായ്പോഴും ഉണൎന്നിരിപ്പിൻ. (മത്തായി അ. ൨൫. വച. ൧൩.)

ഫ. ദ. പ്ര.

## ദൈവത്താൽ പ്രസിദ്ധീകൃതമായ ഒരു വേദത്തിന്റെ ആവശ്യകത.

മനുഷ്യനെ ദൈവത്തോടു യഥായോഗ്യം സംബന്ധിപ്പിക്കുന്നതു വേദമാകുന്നു. ഇപ്രകാരമുള്ള ബന്ധത്തിൽമാത്രമാണു അവന്റെ സൌഭാഗ്യമിരിക്കുന്നത്. എന്നാൽ സൃഷ്ടങ്ങളും സ്രഷ്ടാവും തമ്മിലുള്ള ബന്ധം പലതരത്തിലുള്ളതുകൊണ്ടു അവയെല്ലാം വേദം എന്നു പറഞ്ഞുകൂടാ. സൃഷ്ടികൎത്താവ് എന്ന നിലയിൽ സകല സൃഷ്ടങ്ങളേയും പാലിക്കേണ്ട ചുമതല ദൈവത്തിന്നുള്ളതാകുന്നു. സൃഷ്ടങ്ങൾക്കു സ്വയം ജീവിപ്പാൻ പാടില്ല. അതുകൊണ്ടാകുന്നു "തന്നിൽ (ദൈവത്തിൽ) നാം ജീവിക്കയും, ഇളകുകയും, ആയിരിക്കുകയും ചെയ്യുന്നു" എന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു. (acts XVII. 28). ഇപ്രകാരമുള്ള സംബന്ധം മനുഷ്യനും ഇതരസൃഷ്ടികൾക്കും ഒരുപോലെയാകുന്നു. എന്നു വരികിലും ഇതു വേദമെന്നു ആരും പറയുന്നില്ല. ബോധമില്ലാത്ത ജീവികൾക്കാവട്ടെ, നിൎജ്ജീവികൾക്കാവട്ടെ വേദം ഉണ്ടെന്നു ആരും പറഞ്ഞിട്ടില്ല. സ്നേഹം, ബഹുമാനം, അനുസരണം ആദിയായ കൃത്യങ്ങളാൽ മനുഷ്യൻ ദൈവത്തോടു കാണിക്കുന്ന ആരാധനാവണക്കങ്ങൾക്കു വേദം എന്നു പറയുന്നു. മനുഷ്യൻ ദൈവത്തിനായിട്ടല്ലാതെ, അഥവാ ദൈവത്തെ സ്തുതിക്കയും ബഹുമാനിക്കയും ചെയ്യുന്നതിനായിട്ടല്ലാതെ തനിക്കായിട്ടോ, ഭൂമിക്കായിട്ടോ സൃഷ്ടിക്കപ്പെട്ടിട്ടില്ല. എന്നാൽ വേദം കൂടാതെ ദൈവത്തെ ആരാധിക്കുകയും സ്തുതിക്കയും ബഹുമാനിക്കയും ചെയ്വാൻ മനുഷ്യന്നു സാധിക്കുന്നതല്ല. 'Deus non deficit in necessariis' ആവശ്യത്തിൽ ദൈവം സഹായിക്കാതിരിക്കയില്ല." എന്നുള്ള തത്വം വാസ്തവമെങ്കിൽ ഒരു വേദത്തെ ദൈവം മനുഷ്യന്നു വെളിപ്പെടുത്തിയിട്ടുണ്ടെന്നു സിദ്ധിക്കുന്നു. മനുഷ്യന്നു ബുദ്ധിയും ജീവനും ദൈവം നൽകി എങ്കിൽ അവയുടെ ദാതാവ് താൻതന്നെ എന്നും ദൈവം അ

വനെ അറിയിച്ചിരിക്കേണം. എന്നാൽ ദൈവം സ്വാഭാവികമായിട്ടും സ്വാഭാവികാതീതമായിട്ടും വേദത്തെ വെളിപ്പെടുത്തിയിട്ടുണ്ട്. ഭൂലോകത്തിലേയ്ക്കു തന്നെ നമ്മുടെ കണ്ണുകളെ ഒന്നു തിരിക്കുക. ദൈവം ഭൂലോകത്തിൽ അവിടുത്തെ സർവ്വശക്തിയേയും നിത്യത്വത്തേയും ജ്ഞാനത്തേയും, പരിപാലനയേയും, ദയയേയും പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. ലോകത്തിൽനിന്നു തന്നെ ദൈവം ഉണ്ടെന്നും അവിടുത്തെ ലക്ഷണങ്ങൾ ഏവയെന്നും, മനുഷ്യനു ദൈവത്തോടുള്ള കടമകൾ ഏതെല്ലാമെന്നും ഗ്രഹിക്കാവുന്നതാണ്. എന്നാൽ പാപംനിമിത്തം മനുഷ്യന്റെ ബോധം മയങ്ങി ഇപ്രകാരമുള്ള അറിവിനെ സമ്പാദിപ്പാൻ അവനു പാടില്ലെന്നായി. സുബോധമുള്ള മനുഷ്യനുസൃഷ്ടികളിൽനിന്നും മനസ്സാക്ഷിയുടെ സ്വരം കൊണ്ടും അഖിലത്തിന്റെയും നാഥനും നന്മയുടെ കാരണഭൂതനുമായ ഒരു ദൈവം ഉണ്ടെന്നും അദ്ദേഹം നല്ലവൎക്കു സമ്മാനവും ദുഷ്ടൎക്കു ശിക്ഷയും നൽകുമെന്നും അറിയാമായിരുന്നു. ഇപ്രകാരമുള്ള അനുമാനങ്ങളിൽനിന്നു മരണമില്ലാത്ത ഒരാത്മാവുണ്ടെന്നും ദൈവത്തെ സ്നേഹിക്കയും അവിടുത്തെ ബഹുമാനിക്കയും ചെയ്യേണ്ടതു അവന്റെ ധൎമ്മം ആണെന്നും അറിഞ്ഞേനെ. പ്രമാണലംഘനത്തോടെ അവന്റെ ബോധം മങ്ങിപ്പോയതുകൊണ്ടു ദൈവത്തിനു അവന്റെമേൽ അനുകമ്പയുണ്ടായി, ഒരസാധാരണ വിധത്തിൽ ഇപ്രകാരമുള്ള സത്യങ്ങളെ അവനു വെളിപ്പെടുത്തുവാൻ നിശ്ചയിച്ചു.

ലോകസൃഷ്ടിയുടെ ആദിമഘട്ടത്തിൽ മനുഷ്യനു ദൈവത്തേയും നിത്യസത്യങ്ങളേയും അറിവാൻ പാടുണ്ടായിരുന്നു. പാപം നിമിത്തം ഇപ്രകാരമുള്ള മാൎഗ്ഗങ്ങൾ അവനു നഷ്ടീഭവിച്ചു. കാലക്രമേണ മനുഷ്യൻ വഷളനായി സ്വഭാവം ക്ഷയിച്ച്, സൃഷ്ടങ്ങളെ സ്രഷ്ടാവായി കരുതുവാൻ തുടങ്ങി. വിദ്വാന്മാൎക്കുപോലും ദൈവം ഉണ്ടെന്നും ദൈവത്തോടുള്ള കടമകൾ ഏവയെന്നും അറിയുന്നതിന്നു അസാദ്ധ്യമായിത്തീൎന്നു. പരിഷ്കാരം സിദ്ധിച്ചവരായ ഈജിപ്റ്റ്കാർ, ഗ്രേക്കർ, റോമ്മാക്കാർ ആദിയായവർ അപരിഷ്കൃതന്മാരായ ഇതരജാതിക്കാരേക്കാൾ വേദകാൎയ്യത്തിൽ കേവലം നികൃഷ്ടാവസ്ഥയിലായിരുന്നു. ആദിമനുഷ്യൻ പാപം ചെയ്ത ക്ഷണം മുതലെ ഇപ്രകാരമുള്ള അബദ്ധങ്ങൾ കാണപ്പെട്ടിരുന്നില്ല. ആരംഭത്തിൽ സകലരും ഏക ദൈവത്തിൽ വിശ്വസിച്ചിരുന്നു. ആദം ആയാളുടെ പുത്രരെ യഥായോഗ്യം വേദകാൎയ്യങ്ങളെ പഠിപ്പിച്ചിരുന്നു. ആദവും, ഹാവായും ദൈവത്തോടു പ്രാൎത്ഥിച്ചിരുന്നതുപോലെ അവരുടെ സന്താനങ്ങളും ചെയ്തുവന്നിരുന്നു. കായേനും, ആബേലും ദൈവത്തിനു ബലി അൎപ്പിച്ചിരുന്നു. അവരുടെ സന്താനങ്ങളും അപ്രകാരം ചെയ്തുവന്നിരുന്നു. കുടുംബശ്രേഷ്ഠൻ കുടുംബത്തിന്റെ നാമത്തിൽ ബലി കഴിച്ചിരുന്നു. ബലിക്കായി അവൎക്കു നിശ്ചിതസ്ഥലം ഉണ്ടായിരുന്നില്ല. തുറസ്സായ മൈതാനങ്ങളത്രെ അവർ ഇതിന്നായി ഉപയോഗിച്ചിരുന്നത്. ഇതിനാലാകുന്നു സൂൎയ്യനെ അവർ ആദ്യം ദൈവത്തിന്നു സാദൃശ്യമായിട്ടും കാലക്രമേണ ദൈവമായിട്ടു തന്നെയും ആരാധിക്കുന്നതിനിടയായത്. സൂൎയ്യനെ അരാധിച്ചവർ കാലദൈൎഘ്യം കൂടാതെ നക്ഷത്രങ്ങളേയും ആകാശത്തിൽ കാണപ്പെട്ട പ്രകാശത്തോടു എന്തൊ തുല്യത ഉണ്ടായതിനാൽ അഗ്നിയേയും ആരാധിപ്പാൻ തുടങ്ങി. തന്നിമിത്തം ആദ്യമായി മനുഷ്യരുടെ ഇടയിൽ ഉണ്ടായ വിഗ്രഹാരാധന സൂൎയ്യനക്ഷത്രങ്ങളുടെയും അഗ്നിയുടെയും ആരാധന എന്നു ഗണിക്കപ്പെടുന്നു. അന്തരീക്ഷത്തിൽ കാണപ്പെട്ടിരുന്ന നക്ഷത്രങ്ങൾക്കു കാലാവസ്ഥ അനുസരിച്ചു അവർ ഓരൊ നാമങ്ങൾ സങ്കല്പിച്ചിരുന്നു. നാമങ്ങൾ അന്നത്തെ തൊഴിൽ അനുസരിച്ചും ആയിരുന്നു. നായാട്ടിന്റെ ഋതുവിൽ കാണപ്പെട്ടിരുന്ന നക്ഷത്രത്തിനു ഒരു മൃഗത്തിന്റെ നാമവും, മീൻപിടിത്തത്തിന്റെ ഋതുവിൽ കാണപ്പെട്ടതിനു ഒരു മത്സ്യത്തിന്റെ നാമവും കൊടുത്തു. ഇതിനാലത്രെ നക്ഷത്രങ്ങളെ കാളയെന്നാ കരടി എന്നും, സിംഹം എന്നും, ഞണ്ടെന്നും വിളിച്ചുവരുന്നത്. കാലക്രമേണ പ്രസ്തുത നക്ഷത്രങ്ങളുടെ

അർത്ഥം എന്തെന്നറിയാതെ കരടി, സിംഹം മുതലായ മൃഗങ്ങൾക്കു തന്നെ ഒരുവക ബഹുമാനം കാണിച്ചുതുടങ്ങി. എജിപ്ത്കാർ വെള്ളക്കാളയ്ക്കായി ക്ഷേത്രം പണിയുകയും പൂശാരികളെ നിയമിക്കുകയും ചെയ്തു. അവരുടെ അയൽക്കാരും ഏറക്കുറെ അപ്രകാരം തന്നെ ചെയ്തു വന്നിരുന്നു. പരേതന്മാരായ രാജാക്കളുടെയും യുദ്ധവീരന്മാരുടെയും സ്മരണയ്ക്കായി അവരുടെ പ്രതിമ സ്ഥാപിക്കുക പതിവായിരുന്നു. അചിരേണ ഇവരും ദേവന്മാരായി ഗണിക്കപ്പെട്ടുപോയി. ചില രാജാക്കൾ ജീവിതകാലത്തിൽ തന്നെ ദൈവിക ബഹുമാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതാകുന്നു വിഗ്രഹാരാധനയുടെ ഉത്ഭവവും അഭിവൃദ്ധിയും. മനുഷ്യന്റെ ബുദ്ധി മന്ദിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ സ്വാഭാവികശക്തിയെ കവിഞ്ഞ മാർഗ്ഗംകൊണ്ടല്ലാതെ സത്യത്തെ അറിയുകയില്ലെന്നായി. ആകയാൽ ദൈവംതന്നെ ഒരു വേദത്തെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

[illegible]

## കർമ്മല ഉത്തരീയം.

ഈ കേരളത്തിലെ കത്തോലിക്കരിൽ കർമ്മലമാതാവിന്റെ ഉത്തരീയം ധരിക്കാത്തവരായി ഏറെപ്പേരുണ്ടെന്നു തോന്നുന്നില്ല. ഈ ഉത്തരീയ സഭയിൽ ചേർന്നിട്ടുള്ളവർക്കു തിരുസഭയുടെ ഭണ്ഡാഗാരത്തിൽനിന്നും നിരവധി നിക്ഷേപങ്ങൾ പ്രാപിപ്പാൻ പാടുണ്ടെന്നുള്ള സംഗതി ഗ്രഹിക്കാഞ്ഞിട്ടായിരിക്കാം പലരും ഇതിൽ അത്ര ശ്രദ്ധ പതിച്ചുകാണാത്തതു്. അതുകൊണ്ടു പ്രസ്തുത സഭക്കാർക്കു ലഭിപ്പാൻ പാടുള്ള പൂർണ്ണ ദണ്ഡവിമോചനങ്ങളുടെ ഒരു പട്ടിക അവരുടെ അറിവിന്നായി കീഴെ ചേർത്തുകൊള്ളുന്നു:—

൧. വെന്തിങ്ങാ ഏൽക്കുന്ന ദിവസത്തിൽ.

൨. മാസംതോറും ഞായറാഴ്ച സഖ്യതയുടെ പ്രദക്ഷിണത്തിന്നു കൂടുമ്പോൾ.

൩. മരണസമയത്തു മനസ്താപത്തോടെ 'ഈശോ' എന്ന തിരുനാമം ചൊല്ലുമ്പോൾ.

൪. ശ്രു. ത്രിത്വത്തിന്റെ തിരുനാൾ.

൫. കർത്താവിന്റെ കരേററ തിരുനാൾ.

൬. പന്തക്കുസ്താ തിരുനാൾ.

൭. ശ്രു. കുർബ്ബാനയുടെ തിരുനാൾ.

൮. ഈശോയുടെ തിരുഹൃദയത്തിന്റെയും തിരുനാമത്തിന്റെയും തിരുനാളുകൾ.

൯. യൌസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥ തിരുനാളിൽ, അഥവാ എട്ടാമിടത്തിൽ.

൧൦. ശുദ്ധ യോയാക്കീം ബാവായുടെ തിരുനാൾ.

൧൧. ആണ്ടിലൊരിക്കൽ ഓരോരുത്തൻ നിശ്ചയിക്കുന്ന ഒരു ദിവസത്തിൽ.

൧൨. മകരം ൧. ഛേദനാചാര തിരുനാൾ.

൧൩. കുംഭം ൨. മാതാവിന്റെ ശുദ്ധീകരണ തിരുനാൾ.

൧൪. കുംഭം ൪. ശു. അന്ത്രയോസ് കൊർസീനിയുടെ തിരുനാൾ.

൧൫. കുംഭം ൧൫. ശുദ്ധ പത്രോസ് തോമ്മായുടെ തിരുനാൾ.

൧൬. കുംഭം ൨൫. ശുദ്ധ അവത്താൻ തിരുനാൾ.

൧൭. മീനം ൬. ശുദ്ധ ക്രുറില്ലോസ് തിരുനാൾ.

൧൮. മീനം ൧൯. ശുദ്ധ യൌസേപ്പു പിതാ: മരണത്തിരുനാളിൽ അഥവാ എട്ടാമിടത്തിൽ.

൧൯. മീനം ൨൩. വാഴ്ത്തപ്പെട്ട ബത്തീസ്റ്റ മന്തുവാൻ തിരുനാൾ.

൨൦. മീനം ൨൪. ശുദ്ധ ഗൌറിയേൽ മാലാഖായുടെ തിരുനാൾ.

൨൧. മീനം ൨൭. മാലാഖാ വചനിച്ച തിരുനാൾ.

൨൨. മീനം ൨൯. ശുദ്ധ ബെർത്തോൾദിന്റെ തിരുനാൾ.

൨൩. മേടം ൮. ശുദ്ധ അൽബർത്തോസിന്റെ തിരുനാൾ.

൨൪. ഇടവം ൫. ശു. ആഞ്ചലൂസിന്റെ തിരുനാൾ.

൨൫. ഇടവം ൧൬. ശു. ശെമഓൻസ്റ്റോക്കിന്റെ തിരുനാൾ.

൨൬. ഇടവം ൨൫. ശ്രു. മറിയം മഗ്ദലൈത്താ ദെപ്പാസിയുടെ തിരുനാൾ.

൨൭. കർക്കടകം ൨. മാതാവിന്റെ സന്ദർശനത്തിരുനാൾ.

൨൮. കർക്കടകം ൧൬. കർമ്മലമാതാവിന്റെ തിരുനാളിൽ. ഇന്നു കർമ്മല ഉത്തയ്യ സഭ സ്ഥാപിച്ചിട്ടുള്ള പള്ളിയിൽ "തോസ്യ്യസ് ക്വോസ്യ്യസ്" എന്ന ദണ്ഡവിമോചനം പ്രാപിക്കാം. അതായതു് എത്ര പ്രാവശ്യം പള്ളിയിൽ കയറി മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിക്കുമൊ അത്രയും പ്രാവശ്യം പൂർണ്ണദണ്ഡവിമോചനം.

൨൯. കർക്കടകം ൨൦. ശുദ്ധ ഏല്യാനിവ്യായുടെ തിരുനാൾ.

൩൦. കർക്കടകം ൨൪. വാഴ്ത്തപ്പെട്ട വേദസാക്ഷികളായ ത്രേസ്യായും കൂട്ടരുടെയും തിരുനാൾ.

൩൧. കർക്കടകം ൨൬. ശ്രു. അന്നാ അമ്മയുടെ തിരുനാൾ.

൩൨. ചിങ്ങം ൭. ശ്രു. അൽബർത്തോസിന്റെ തിരുനാൾ.

൩൩. ചിങ്ങം ൧൫. മാതാവിന്റെ കരേററത്തിരുന്നാൾ.

൩൪. ചിങ്ങം ൨൭. ശ്രു. ത്രേസ്യായുടെ ചങ്കുകുത്തിയ തിരുനാൾ.

൩൫. ചിങ്ങം ൩൧. കർമ്മലീത്താ പള്ളിപ്രതിഷ്ഠയുടെ തിരുനാൾ.

൩൬. കന്നി ൨. ശ്രു. ബ്രൊക്കാർഡിന്റെ തിരുനാൾ.

൩൭. കന്നി ൮. മാതാവിന്റെ പിറവിത്തിരുനാൾ.

൩൮. തുലാം ൧൫. ശുദ്ധ ത്രേസ്യായുടെ തിരുനാൾ.

൩൯. വൃശ്ചികം ൧൪. കർമ്മലീത്താ സഭയിലെ സകല പുണ്യവാന്മാരുടെ തിരുനാൾ.

൪൦. വൃശ്ചികം ൧൫. കർമ്മലീത്താ സഭക്കാരായ മരിച്ചവരുടെ തിരുനാൾ.

൪൧. വൃശ്ചികം ൨൧. കാണിക്കമാതാവിൻ തിരുനാൾ.

൪൨. വൃശ്ചികം ൨൪. ശ്രു. യോഹന്നാൻക്രൂസിന്റെ തിരുനാൾ.

൪൩. വൃശ്ചികം ൨൯. വാഴ്ത്തപ്പെട്ട വേദസാക്ഷികളായ ദ്യോനീസ്യോസിന്റെയും റെദെബ്ത്തുസിന്റെയും തിരു.

൪൪. ധനു ൮. അമലോത്ഭവമാതാവിന്റെ തിരുനാൾ.

൪൫. ധനു ൧൧. വാഴ്ത്തപ്പെട്ട ഫ്രാങ്കോസിന്റെ തിരുനാൾ.

ജ്ഞാപനം:— മേൽപറയപ്പെട്ട ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിന്നു കുമ്പസാരിച്ചു ശ്രു. കുർബ്ബാന ഉൾക്കൊണ്ടു മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിപ്പാനാവശ്യമാണു്. ൧. ൨. ൩. ൬. എന്നീ ലക്കങ്ങൾ ഒഴിച്ചുള്ള മറെറല്ലാ ലക്കങ്ങളിലെ തിരുനാളുകളിലും കർമ്മലീത്താ പള്ളിയേയൊ ഒക്കാത്തപക്ഷം മററു ഏതെങ്കിലുംപള്ളിയേയൊ സന്ദർശിക്കണം എന്നും കല്പിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ ഒരു പള്ളിയിൽ മേല്പറയപ്പെട്ട സൽകൃത്യങ്ങൾ നടത്തുമ്പോൾ അതിനാലെ തന്നെ പള്ളിസന്ദർശനവും തീരുന്നതാണു്.

[illegible]

---

## ഈശോയുടെ തിരുഹൃദയവും ക്രിസ്തീയ കുടുംബങ്ങളും.

"ആഘോഷപൂർവ്വം കുടുംബങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടു ഭവനസിംഹാസനത്തിൽ ഈശോയുടെ തിരുഹൃദയത്തെ ആരാധനംചെയ്ക" എന്ന നൂതന ഭക്താചാരത്തെപ്പററി മുൻ ഒരുലക്കത്തിൽ പ്രസിദ്ധം ചെയ്തിരുന്നതു വായനക്കാർ വിസ്മരിച്ചിട്ടില്ലെന്നു വിചാരിക്കുന്നു. അതു പ്രസിദ്ധം ചെയ്ക നാൾ മുതൽ ഇതുവരെ പ്രസ്തുത ഭക്തക്രമം ലോകത്തിന്റെ നാനാഭാഗങ്ങളിലും അഗ്നിപോലെ പടർന്നുപിടിച്ചു കഴിഞ്ഞിരിക്കുന്നു. സാക്ഷാൽ ഇതു ഭൂമുഖത്തെ അതിന്റെ ആധുനിക അശുദ്ധതകളിൽനിന്നു കഴുകി ക്രിസ്തീയമായ വിശുദ്ധി നല്കുന്നതിനു ദൈവം തന്നെ കാണിച്ചുതന്നിട്ടുള്ള ഒരു മാർഗ്ഗമാണെന്നു അനുഭവം സാക്ഷിക്കുന്നു. ഇന്ത്യയിൽതന്നെ ഇതിനു ഗണ്യമായ പ്രചാരം സിദ്ധിക്കുന്നതായി പത്രങ്ങൾ പ്രസ്താവിക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ ജനങ്ങൾ കൂട്ടം കൂട്ടമായിവന്നു വാദ്യഗാനങ്ങ

ള്ളോട്ടുകൂടിയത്രെ പട്ടക്കാരനെ അഭിവന്ദനം ചെയ്ത വീട്ടുകളിൽ പ്രവേശിപ്പിച്ച ദിവ്യകർമ്മം നടത്തിക്കുന്നതു്. ക്രിസ്തീയ നഗരികളും ഗ്രാമങ്ങളും ഒന്നാകെ മ്ശിഹായുടെ സ്നേഹഭരണത്തെ സ്വീകരിക്കുന്നു. ഇതെഴുതുന്ന ആളും ഏറക്കുറെ ഈ ഭക്തിതീഷ്ണതകണ്ടു ഗ്രഹിക്കുന്നതിന്നിടയായിട്ടുണ്ട്. എവിടെ ഇതു പ്രസംഗിക്കുന്നുവോ അവിടെ വിശ്വാസികൾ അത്യധികം ഔൽസുക്യം പ്രദശിപ്പിക്കുന്നുണ്ടു്. ഏതൽസംബന്ധമായി സ്ഥലത്തെ (മാന്നാനത്തെ) മുദ്രാലയത്തിൽനിന്നു പ്രസിദ്ധപ്പെട്ടുത്തിയ ചെറിയ പുസ്തകം കുറഞ്ഞ കാലം കൊണ്ടു് മിക്കവാറും തീർന്നിരിക്കുന്നു എന്നുള്ള വസ്തുത മറെറാരു പ്രത്യക്ഷ ലക്ഷ്യമത്രെ. തിരുഹൃദയ ഭക്തന്മാരും വിശിഷ്യ മനുഷ്യരക്ഷയിൽ മ്ശിഹായുടെ സഹകാരികളായ വന്ദ്യഗുരുക്കളും ഏതൽവിഷയത്തിൽ ചെയ്യുന്ന പരിശ്രമം ശ്ലാഘ്യം തന്നെ. നാം എല്ലാവരും ഏകോപിച്ചു ശ്രമിക്കുന്നതായാൽ ആണ്ടു അവസാനിക്കുന്നതിന്നു മുമ്പായി നമ്മുടെ രാജാവിൻെറ സ്വർഗ്ഗീയ പതാക മലയാളത്തിൻെറ നാലതിർത്തികളിലും വിജയശ്രീയോടുകൂടെ പറപ്പിക്കുന്നതിന്നു വലിയ പ്രയത്നം കൂടാതെ സാധിക്കുന്നതാണെന്നുകൂടി അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

കൂടാതെയും തിരുഹൃദയത്തെ ഇപ്രകാരം സിംഹാസനാരൂഢനം ചെയ്യുന്ന ഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും പേരുകൾ പട്ടികയിൽ ചേർത്തു പറെലിമൊനിയൻ എന്ന ആശ്രമത്തിൽ ഭാഗ്യവതിയായ മർഗ്ഗരീത്ത മറിയം അൽക്കോക്ക് നിവസിച്ചിരുന്ന മുറിയിൽ (ഇതു ഇപ്പോൾ ഒരു കപ്പേളയത്രെ) സൂക്ഷിക്കപ്പെട്ടുകയും അവക്കായി ദിനംപ്രതി പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടുകയും ചെയ്യുന്നു. പൊതുജനങ്ങളുടെ സൌകര്യം ഉദ്ദേശിച്ച്, ആരെങ്കിലും ഇതിൽ ചേർക്കേണ്ടുന്ന പേരുകൾ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതി അയച്ചാൽ ഇതിൻെറ കേന്ദ്രസ്ഥാനമായ മേല്പറഞ്ഞ ആശ്രമത്തിൽ ഭദ്രമായി എത്തിച്ചു കൊടുക്കുന്നതാണു് എന്നുകൂടെ അറിയിച്ചുകൊണ്ടു നിറുത്തുന്നു.

ക. നി. മൂ. സ. ബ. യോഹന്നാനച്ചൻ
മുത്തോലിക്കൊവേന്ത,
പാലാ.

## വിശുദ്ധ കുർബ്ബാനം.

വിശുദ്ധ കുർബ്ബാനയുടെ ഭക്തന്മാരിൽ പ്രശ്രുതനായ ഒരാളും ദിവ്യകാരുണ്യസംഘങ്ങളുടെ മദ്ധ്യസ്ഥനുമായ വിശുദ്ധ പസ്കൽബായിലോൻ എന്ന മഹാത്മാവിനെപ്പററി കേട്ടിട്ടുള്ളവർ വായനക്കാരിൽ അധികംപേരുണ്ടെന്നു തോന്നുന്നില്ല. ഇദ്ദേഹം സ്പെയിൻരാജ്യത്തു ദാരദ്ര്യദുഃഖംകൊണ്ടു വളരെ കഷ്ടപ്പെട്ട ഒരു കുടുംബത്തിൽ ജാതനായി. തൻെറ ബാല്യദശയുടെ ആരംഭകാലം മേഷപാലകൻെറ ജോലിയിലാണു് കഴിച്ചുകൂട്ടിയതു്. ശൈശവം മുതൽക്കേ പുണ്യജീവിതത്തിനുള്ള ഒരു ആസക്തി ഇദ്ദേഹത്തിൽ കടന്നുകൂടിട്ടുണ്ടായിരുന്നു. തപസ്സുജീവിതത്തിലും പ്രായശ്ചിത്ത പ്രവൃത്തികളിലുമുണ്ടായിരുന്ന അത്യാഗ്രഹം നിമിത്തം പാദരക്ഷ ഇല്ലാതെയാണു് കല്ലുകളിലും മുള്ളുകളിലും നടന്നിരുന്നതു്. കിടക്ക വെറും നിലമോ പലകയോ ആയിരുന്നു. ദൈവവിളിയനുസരിച്ച്, തുലോം ബാലനായിരിക്കുമ്പോൾ തന്നെ വിശുദ്ധ ഫ്രൻസീസ്സോസ് അസ്സീസിയുടെ സന്യാസസഭയിൽ ചേർന്നു, വൃദ്ധന്മാരായ സന്യാസവര്യന്മാരോടു പുണ്യാഭ്യാസത്തിലും ക്രമാനുഷ്ഠാനത്തിലും തപഃക്രിയകളിലും മത്സരിക്കുവാൻ തക്കവണ്ണം ഉൽസുകനായിതീർന്നു. ദരിദ്രന്മാരോടുള്ള അനുകമ്പയും വിശുദ്ധ കുർബ്ബാനയുടെ നേക്കുള്ള ഭക്തിയും ആയിരുന്നു ഇദ്ദേഹത്തിൽ സർവ്വോപരി ഷിളങ്ങിയിരുന്ന പുണ്യം. ദിവ്യകാരുണ്യസന്നിധിയിൽ കൂടെക്കൂടെ പോയി ആരാധിക്കയും ഈ ഭക്തിയേപ്പററി സംസാരിക്കയും ഇതിനെ പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ഇദ്ദേഹത്തിന്നു അതിയായ സന്തോഷവും ആസക്തിയുമുണ്ടായിരുന്നു. ഇതിനാൽ ദൈവം അത്യന്തം പ്രസാദിച്ചു തൻെറ വിശ്വസ്ത ശുശ്രൂഷിക്ക

വിശിഷ്ടതരങ്ങളായ വരങ്ങളും ദാനങ്ങളും പൊഴിഞ്ഞരുളുവാൻ ഉചിതമായി. മനുഷ്യഹൃദയത്തിലെ നിഗ്രൂഢങ്ങളായ രഹസ്യങ്ങളെ അറിയുകയും ഭവിഷ്യകാൎയ്യങ്ങളെ പ്രവചിക്കുകയും വഴി തെററിപ്പോയിരുന്ന അനേകം ആത്മാക്കളെ രക്ഷാമാൎഗ്ഗത്തിൽ തിരിച്ചുകൊണ്ടുവരികയും രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ പുനൎജ്ജീവിപ്പിക്കയും ചെയ്തിരുന്നു. ഇങ്ങനെ ദൈവസ്തുതിക്കായും ആത്മാക്കളുടെ രക്ഷയ്ക്കായും നിരവധി ബുദ്ധിമുട്ടുകൾ സഹിച്ച ശേഷം ൧൭൦൬ മെയി ൧൭-ാംനു- എത്രയും ഭാഗ്യപ്പെട്ട മരണത്താൽ ഇഹലോകജീവിതം അവസാനിപ്പിച്ചു. തങ്ങളുടെ സഭയുടെ ഇത്ര വിശിഷ്ടമായ ഒരു അലങ്കാരവും സൽപുണ്യങ്ങളുടെയും പ്രത്യേകം ദിവ്യകാരുണ്യ ഭക്തിയുടേയും ഉത്തമദൎപ്പണവുമായ ഈ മഹാത്മാവു് തങ്ങളെ വിട്ടുപിരിഞ്ഞതിനെപ്പററി ദുഖാബ്ധിയിൽ മുഴുകിയിരുന്ന തന്റെ സഭാംഗങ്ങൾ അശ്രുധാര ഒഴുക്കിക്കൊണ്ടു മൃതശരീരത്തെ ദേവാലയത്തിലേക്കു കൊണ്ടുപോയി സംസ്കാര കൎമ്മങ്ങൾ കഴിക്കയിൽ ഒരു വലിയ അത്ഭുതം സംഭവിച്ചതു് സ്മരണീയമാണു്. ഈ വിശുദ്ധന്റെ ശരീരം പ്രേതമഞ്ചത്തിൽനിന്നും എഴുന്നേററു മുട്ടിന്മേൽനിന്നു വിശുദ്ധ കുൎബാനയുടെ നേരെ തിരിഞ്ഞു അതീവഭക്തിയോടുകൂടി ആരാധിക്കയുണ്ടായി. അതു കഴിഞ്ഞു പൂൎവ്വസ്ഥിതിയിൽ കിടക്കുകയും ചെയ്തു. മൃതശരീരംകൂടെയും വിശുദ്ധ കുൎബാനയുടെ നേരെ ഈവിധം അത്ഭുതകരമായ ആരാധന ചെയ്യാൻ ദൈവം ഇടയാക്കിയതിൽനിന്നു ഇദ്ദേഹത്തിനുണ്ടായിരുന്ന ദിവ്യകാരുണ്യഭക്തി എത്രമാത്രമെന്നു്, പറയുന്നതിനേക്കാൾ ഊഹിക്കയാണെളുപ്പം. ഇതിനാലത്രെ ഭാഗ്യസ്മരണാൎഹനായ ൧൩-ാം ലേയോൻ മാൎപ്പാപ്പാ ഈ വിശുദ്ധനെ ദിവ്യകാരുണ്യസംഘങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായി തെരഞ്ഞെടുത്തിരിക്കുന്നതു്.

ദിവ്യകാരുണ്യ ഈശോ തന്റെ ഭക്തന്മാരിൽ നിത്യവും സ്തുതിക്കപ്പെട്ടട്ടെ.

[illegible]

## 'അനുദിനഭോജനം.'

പയ്യപ്പിള്ളിൽ ബ. മത്തായി അച്ചൻ അവർകളാൽ വിരചിതമായ 'അനുദിന ഭോജനം' എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ചടിച്ച ഒരു പ്രതി അഭിപ്രായത്തിന്നായി അയച്ചുതന്നതു ഞങ്ങൾ നന്ദിപൂൎവ്വം കൈപ്പററിയിരിക്കുന്നു. ദിനംപ്രതിയുള്ള ദിവ്യകാരുണ്യ സ്വീകരണം സംബന്ധിച്ചു്, ഭാഗ്യസ്മരണാൎഹനായ പത്താം പീയൂസ് മാൎപ്പാപ്പാ പ്രസിദ്ധീകരിച്ചിട്ടുള്ള ഡെക്രേത്തുൾപ്പെടെ, 1. ആദ്യകുൎബാന കൈക്കൊള്ളലിനുള്ള പ്രായവും, ഒരുക്കവും, 2. പ്രതിദിനകുൎബാനകൈക്കൊള്ളലിനു ആവശ്യമായ ഒരുക്കം, 3. ആദ്യകുൎബാനകൈക്കൊള്ളൽ മാത്രം കഴിച്ച പൈതങ്ങൾക്കും, വിദ്യാൎത്ഥികളായ മററു ബാലികാബാലന്മാൎക്കും ദിനംപ്രതി കുൎബാനകൈക്കൊള്ളാമോ? 4. വിവാഹജീവിതം കഴിക്കുന്നവൎക്കു ദിനംപ്രതി പരിശുദ്ധ കുൎബാന കൈക്കൊള്ളുന്നതിനു അനുവാദമുണ്ടോ? 5. കന്യാസ്ത്രീകൾ ദിനംപ്രതി കുൎബാന കൈക്കൊള്ളണമോ? 6. പ്രതിദിന കുൎബാന കൈക്കൊള്ളൽകൊണ്ടുള്ള പ്രയോജനം, 7. പരിശുദ്ധ കുൎബാനയെന്ന കൂദാശയുടെ മഹത്വം, 8. ചില ഒഴികഴിവുകൾ അഥവാ മായാചിന്തകൾ, ഇങ്ങനെ ൮ അദ്ധ്യായങ്ങളാണു് ഈ പുസ്തകത്തിലുള്ളതു്. ഇവയ്ക്കുപുറമെ ഒരനുബന്ധവും ഇതിൽ ചേൎത്തിട്ടുണ്ടു്. മുഖ്യമായ ഏതാനും ജപങ്ങളാണു് അതിലെ ഉള്ളടക്കം. ഇത്രയും പറഞ്ഞതിൽനിന്നു ഈ പുസ്തകത്തിലെ പ്രതിപാദിത വിഷയം എന്തെന്നു ധാരാളം വിശദമാകുന്നുണ്ടല്ലൊ. എങ്കിലും ആദ്യകുൎബാനകൈക്കൊള്ളലിനുള്ള പ്രായവും ഒരുക്കവും; ദാമ്പത്യജീവിതക്കാൎക്കും ദിനംപ്രതി ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനനുവാദമുണ്ടോ എന്നീ രണ്ടദ്ധ്യായങ്ങളെപ്പററി അല്പം പ്രസ്താവിക്കാതിരിക്കുവാൻ കേരളീയ കത്തോലിക്കരുടെ അധുനികാവസ്ഥ സമ്മതിക്കുന്നില്ല.

'കുട്ടികളുടെ പാപ്പാ'യെന്ന ഉപസംജ്ഞക്കൎഹനായ പത്താം പീയൂസ് മാൎപ്പാപ്പായുടെ നാമത്തെ ബാലലോകം

എന്നെന്നും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കത്തക്ക ഒരു പ്രവൃത്തിയാണ് തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ളതു്. തിരുസഭയുടെ ആദിമഘട്ടങ്ങളിൽ കുട്ടികൾക്കു ദിവ്യകാരുണ്യസ്വീകരണം അനുവദിച്ചിരുന്നതായി ലക്ഷ്യങ്ങൾ ധാരാളമുണ്ടു്. ഇടക്കാലത്തു്, കുട്ടികളുടെ നിഷ്കപടതയേയും നിർദ്ദോഷതയേയുംകാൾ അവരുടെ ഉപരിജ്ഞാനത്തിന്നും പ്രായപൂർത്തിക്കും പ്രാധാന്യം നൽകേണമെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടതോടുകൂടി ഈ നടപ്പു നിന്നുപോയി. ശരിയായ ഭക്ഷണമില്ലാതെ വളരുന്ന കുട്ടികൾ കായബലമുള്ള പൌരന്മാരായി തീരുന്നതല്ല. അപ്രകാരം തന്നെ പൈശാചിക തന്ത്രങ്ങളോടെതൃക്കുന്നതിന്നും പുണ്യത്തിൽ സ്ഥിരപ്പെടുന്നതിന്നും വേണ്ടിയ ശക്തി ലഭിക്കുന്നതിന്നു കുട്ടിപ്രായത്തിൽ തന്നെ സ്വർഗ്ഗീയ മന്നാ ഭക്ഷിച്ചു ആത്മാവിനെ പോഷിപ്പിക്കേണ്ടതാണ്. ഈ തത്വത്തെ ഗ്രഹിച്ചുകൊണ്ടാണ് പത്താം പിയൂസ് മാർപ്പാപ്പാ, നിന്നുപോയ പഴയ നടപ്പിനെ പുനർജ്ജീവിപ്പിക്കുവാൻ നിശ്ചയിച്ചതു്. എന്നാൽ കേരളത്തിൽ ഇതിനുവേണ്ട പ്രചാരം സിദ്ധിച്ചു എന്നു ഇനിയും പറയാറായിട്ടില്ല. ഇതിനുള്ള മുഖ്യകാരണങ്ങളിൽ ഒന്നു മാർപ്പാപ്പായുടെ തൽസംബന്ധമായ തിരുവെഴുത്തിനെപ്പററി ശരിയായ ജ്ഞാനം ലഭിക്കായ്കയത്രെ. അതുകൊണ്ടു പ്രസ്തുത തിരുവെഴുത്തിൽനിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു.

"൧. കുമ്പസാരം, കുർബാന എന്നീ രണ്ടു ക്രിയാശകളെ കൈക്കൊള്ളുന്നതിനുള്ള തിരിച്ചറിവിൻെറ പ്രായമെന്നതു കുട്ടികൾ കാര്യാകാര്യങ്ങളെ വിവേചിച്ചറിവാൻ തുടങ്ങുന്ന കാലമായി സാധാരണ വിചാരിക്കപ്പെടുന്ന ൭ വയസ്സാകുന്നു. ചിലപ്പോൾ ഇതിനുശേഷവും, ചിലപ്പോൾ ഈ പ്രായത്തിനുമുമ്പും ആകാം. ഈ പ്രായംമുതൽ, കുമ്പസാരിക്കണമെന്നും പരിശുദ്ധ കുർബാന കൈക്കൊള്ളണമെന്നും ഉള്ള കല്പന നിറവേററുവാനുള്ള കടം ആരംഭിക്കുന്നു. (൨) ആദ്യ കുമ്പസാരത്തിന്നും ആദ്യ കുർബാന കൈക്കൊള്ളലിന്നും ക്രിസ്തീയ തത്വങ്ങളുടെ മുഴവനായതും പൂർണ്ണമായതുമായ അറിവു ആവശ്യമില്ല. എങ്കിലും സ്വന്ത ബുദ്ധിശക്തിക്കൊത്തപോലെ വേദോപദേശം മുഴുവനും ക്രമേണ പഠിക്കുന്നതിന് കുട്ടികൾക്കു കടമയുണ്ടു്. (൩) രക്ഷാമാർഗ്ഗമായി അവശ്യം അറിഞ്ഞിരിക്കേണ്ട വിശ്വാസരഹസ്യങ്ങളെ അവരുടെ ശക്തിക്കൊത്തവണ്ണം മനസ്സിലാക്കിയിരിക്കയും, പരിശുദ്ധ കുർബാന എന്ന അപ്പത്തെ സാധാരണവും ശാരീരികവുമായ അപ്പത്തിൽനിന്നു വിവേചിച്ചറിവാൻ അവർക്കു കഴിവുണ്ടായിരിക്കയും, അവരുടെ പ്രായത്തിന്നനുസരണമായ ഭക്തിയോടെ ഈ ദിവ്യ മേശയ്ക്കു അണയുവാൻ പാടുണ്ടായിരിക്കയും ചെയ്താൽ ആദ്യ കുർബാന കൈക്കൊള്ളലിനു ആവശ്യമായ അറിവുണ്ടെന്നു വിചാരിക്കേണ്ടതാകുന്നു. (൪) കുമ്പസാരിക്കുന്നതിനും പരിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനും കുട്ടികൾക്കുള്ള കടം പ്രത്യേകമായി അവരുടെ രക്ഷാകർത്താക്കന്മാരായിരിക്കുന്ന മാതാപിതാക്കന്മാർ, കുമ്പസാരക്കാർ, വാദ്ധ്യാന്മാർ, വികാരി എന്നിവരുടെ മേൽ ചുമത്തപ്പെട്ടിരിക്കുന്നു. എന്നാൽ റോമാവേദോപദേശപ്രകാരം പിതാവിൻെറയൊ അവൻെറ പ്രതിപുരുഷൻെറയൊ, എന്നപോലെ കുമ്പസാരക്കാരൻെറയും കടമാകുന്നു കുട്ടികളെ ആദ്യമായി കുർബാന കൈക്കൊള്ളിക്കേണ്ടതു്."

ഇതിൽനിന്നു സാമാന്യമായി ൭ വയസ്സു പ്രായമുള്ള കുട്ടികൾക്കു ദിവ്യകാരുണ്യം സ്വീകരിക്കാമെന്നു മാത്രമല്ല, സ്വീകരിക്കേണ്ടിയ കടയും അവർക്കുണ്ടെന്നു സിദ്ധിക്കുന്നു. എന്നാൽ കേരളത്തിൽ പത്തു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ ദിവ്യകാരുണ്യം സ്വീകരിക്കുക വളരെ ദുർല്ലഭമാണ്. മാമ്മോദീസാവഴിയായി ലഭിച്ചിട്ടുള്ള ആത്മീയ പരിശുദ്ധിയെ, നശിപ്പിച്ചിട്ടു വീണ്ടുലഭിക്കുന്നതിനേക്കാൾ നശിപ്പിക്കാതെ പാലിക്കുന്നതല്ലേ ഏററം പ്രശംസനീയമായിട്ടുള്ളതു്.

ഈ കേരളത്തിൽ വൈവാഹിതന്മാരിൽ ദിനംപ്രതി ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ ആയിരത്തിനൊരാൾപോലുമുണ്ടെന്നു തോന്നുന്നില്ല. അടുത്തടുത്തു കുർബാന ഉൾക്കൊള്ളുന്നവരുടെ സംഖ്യയും വളരെ ചുരുങ്ങും. ആദിമക്രിസ്ത്യാ

## ശുദ്ധീകരാത്മാക്കൾക്കുവേണ്ടി
### തിരുഹൃദയത്തോട് പ്രാൎത്ഥന.

(കാരുണ്യമാതാവേ! കറയററ ക. എന്നരീതി)

1 ശുദ്ധ സ്ലീവായുടെ മദ്ധ്യേ വിളങ്ങുന്ന
ത്രിതാപത്തിലേകനെ നി— നിൻെറ
ശുദ്ധീകരാത്മാക്കൾക്കത്യന്ത മോക്ഷമാം
നിത്യപദത്തെ നൽക.

2 ക്രൂരതയാൎന്നുള്ളോരഗ്നിയാൽ ചുററീട്ടു—
പാരം വ്യസനിച്ചവർ — നിന്നെ
ധാരാളമായ് കണ്ണുനിരിനെ ചിന്തിയും
നോക്കുന്നതോൎത്തീടണെ.

3 ദേഹവിയൎപ്പിനാൽ ദാഹംകലൎന്നവർ
മോഹിച്ചുവീഴുന്നതും — നിൻെറ
കാഹളക്കാരരാം മാലാഖാമാരെ വി—
ട്ടാശ്വാസിപ്പിയ്ക്കേണമെ!

4 മൗക്തികമാമങ്ങെ രക്തകണത്തിനാ—
സക്തിയോടാശിച്ചിട്ടും — നല്ല
ഭക്തരായുള്ളലിഞ്ഞിടുന്നവരെ നീ
ശക്തിയാൽ കാത്തീടണെ.

സി. എം. കെ.

---

നികൾ കുടുംബസഹിതം കുബ്ബാന ഉൾക്കൊണ്ടാണ് ജീവിച്ചിരുന്നതു്. പിൽക്കാലങ്ങളിൽ വിവാഹാന്തസ്സിൻെറ മാഹാത്മ്യവും പ്രധാനോദ്ദേശ്യവും വിസ്മരിച്ചുകളഞ്ഞിട്ടൊ എന്തോ അതിൻെറ കടമകളെ വേണ്ടപോലെ നിൎവ്വഹിക്കാതെ വന്നതു കാരണമാണ് ഇവൎക്കു അനുദിനദിവ്യകാരുണ്യസ്വീകരണം അനുവദിക്കാതെ പോയതു്. എന്നാൽ ഏതേതന്തസ്സുകാൎക്കും, പൈശാചികപരീക്ഷകൾ നേരിടുന്നതും അവയെ ജയിപ്പാൻ കടമയുള്ളതുമാകുന്നു. ദമ്പതികൾക്കാകട്ടെ പരസ്പരവും സന്താനങ്ങളെ സംബന്ധിച്ചും അനവധി ഭാരമേറിയ ചുമതകൾ ഉള്ളതുകൊണ്ടും അവയെ ശരിയായ വിധത്തിൽ നിൎവ്വഹിക്കുന്നതിന്ന് പ്രത്യേക ദൈവസഹായം ആവശ്യമായിരിക്കുന്നതുകൊണ്ടുമാണ് ഇവൎക്കും ദിനംപ്രതിയുള്ള ദിവ്യകാരുണ്യസ്വീകരണം അനുവദിക്കപ്പെട്ടിരിക്കുന്നതു്. ആയുസ്സിൻെറ അപ്പത്തെ ഭക്ഷിക്കാതെ ആത്മീയജീവനെ പാലിക്കുവാൻ സാധിക്കുന്നതെങ്ങിനെയാണ്? അതുകൊണ്ടു പത്താംപീയൂസ് മാൎപ്പാപ്പാ തിരുമേനിയുടെ ആഗ്രഹം കേരളീയ കത്തോലിക്കരിലും പൂൎത്തിയാക്കേണമെന്നും സുകൃതകൃത്യങ്ങളുടെ അഭാവംമൂലം ക്ഷാമപീഡിതരായിരിക്കുന്നവൎക്കു, അദ്ധ്യാത്മജീവസന്ധാരണത്തിന്നു 'അനുദിനഭോജനം' വിളമ്പികൊടുക്കേണമെന്നും കരുതി പ്രയത്നിച്ചിട്ടുള്ളതിൽ റവ. ഫാദർ മാത്യു പഴൂപ്പള്ളി അവർകൾ പ്രദൎശിപ്പിച്ചിട്ടുള്ള ഉചിതജ്ഞതയെ എത്ര ശ്ലാഘിച്ചാലും അധികമായി എന്നു വരുന്നതല്ല. ഈ പുസ്തകത്തിൻെറ ഓരോ പ്രതി എല്ലാ കത്തോലിക്കു കുടുംബങ്ങളിലും ഉണ്ടായിരിക്കേണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. രണ്ടണ ആറു പൈ. വിലയുള്ള ഈ പുസ്തകം പഴൂപ്പള്ളി ബ. മത്തായി ക. സെൻറു മേരീസ് ഹൈസ്കൂൾ, ആലുവാ. എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.



## തിരുഹൃദയ ഭക്തന്മാർ
### ൧൯൧൭ തുലാമാസത്തിൽ വഹിക്കേണ്ടിയ
## പൊതുക്കരുതൽ.

---

ജപ അപ്പോസ്തലസഭയും യുവജനങ്ങളും.

ഭക്തകൃത്യം കുട്ടികളേയും കിഴവികളേയും സംബന്ധിക്കുന്നതാണെന്നാണ് ഒരുതരം യുവാക്കന്മാർ ധരിച്ചു വച്ചിരിക്കുന്നതു്. ഇവരെ 'ഞായറാഴ്ച ക്രിസ്ത്യാനികൾ' എന്നു വിളിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ഞായറാഴ്ചതോറും കുബ്ബാന കാണുന്നതുകൊണ്ടു മാത്രം തങ്ങളുടെ മതസംബന്ധമായ കടമകൾ നിറവേറി എന്നു വിചാരിച്ച്

സംതൃപ്തരായി കാലം കഴിക്കുന്ന ഇവരുടെ അന്ത്യത്തെപ്പററി സകാരണം ഭയപ്പെടേണ്ടിയിരിക്കുന്നു. ഇതിനാലത്രെ യുവജനങ്ങളിൽ ഭക്തിതീക്ഷ്ണത വൎദ്ധിക്കേണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഇവരും ഈശോയുടെ തിരുഹൃദയസഭയിൽ ചേൎന്നുകാണുവാൻ ആഗ്രഹിക്കുന്നത്. ഈ സഭയിൽ ഇപ്പോൾ ഉദ്ദേശം മൂന്നു കോടി ആളുകൾ ചേൎന്നിട്ടുണ്ടെന്നു കാണുന്നു. ഇത്ര ഏറെ ആളുകളുടെ സൽകൃത്യങ്ങളിൽ ഒരോഹരി ഇതിൽ കൂടുന്നവൎക്കൊക്കെ ലഭിക്കുമെന്നുള്ളതു ചില്ലറയായ സംഗതിയല്ലല്ലൊ. ഈ സഭയിൽ ചേരുന്നതിന്നു അധികാരമുള്ള ഒരാളിനെക്കൊണ്ടു അതിന്നു നിശ്ചയിച്ചിട്ടുള്ള പുസ്തകത്തിൽ പേരെഴുതിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. ഈ സഭയിലെ നിബന്ധന വളരെ ലഘുവാണ്. ഇത്ര ലഘുവായ കൃത്യം കൊണ്ടു ഈശോയുടെ തിരുഹൃദയത്തെ പ്രസാദിപ്പിക്കുവാൻ കഴിയുമെങ്കിൽ അപ്രകാരം ചെയ്യാതിരിക്കുന്നതു ബുദ്ധിഹീനമായ ഒരു പ്രവൃത്തിയല്ലേ? ആകയാൽ ഈശോയുടെ തിരുഹൃദയസഭ യുവജനങ്ങളുടെയിടയിൽ പ്രചരിക്കുന്നതിനു ഈ മാസത്തിൽ തിരുഹൃദയ ഭക്തർ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

വൃശ്ചികമാസത്തെ പൊതുക്കരുതൽ.

ചൈനാക്കാരുടെ മാനസാന്തരം.

# ലോകവൎത്തമാനച്ചുരുക്കം.

നല്ല സാഹിത്യ രസികനും അനേകം നോവലുകളുടെ കൎത്താവുമായ 'ഗൈത്തോൺ' എന്നു കള്ളപ്പേരുള്ള ഏ. ഇ. ആർ. ഗൾ എന്ന മഹാൻ കത്തോലിക്കസഭയിലേക്കു ചേൎന്നിരിക്കുന്നു.

പരിശുദ്ധ സിംഹാസനത്തിലെ മാദ്ധ്യസ്ഥം മൂലം ജൎമ്മനിയിൽ അസ്വതന്ത്രരായി താമസിച്ചിരുന്ന പോളണ്ടുകാരായ അനവധികുട്ടികളെ വിട്ടയച്ചിരിക്കുന്നു.

മിൽവാക്കി കത്തോലിക്കാ കലാലയത്തിലേക്കു വിദ്യാഭ്യാസ പ്രചാരത്തിനായി ഡാക്ടർ ഫ്രീച്ചൈറു എന്നു മാന്യൻ ൩,൩൩,൦൦൦ ഡോളർ സംഭാവന ചെയ്തിരിക്കുന്നു. നമ്മുടെ നാട്ടിൽ ഇത്ര ഔദാൎയ്യബുദ്ധിയുള്ളവർ ഉണ്ടാകുന്ന കാലം എപ്പഴാണോ?

കഴിഞ്ഞ ലക്കം 'കുസുമത്തിൽ' നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഷഷ്ട്യബ്ദപൂൎത്തി മഹോത്സവം സംബന്ധിച്ചു തിരുവിതാംകൂർ നിവാസികളായ കത്തോലിക്കർ, വളരെ വിലയേറിയ് കാസ്കേററിൽ അടച്ചു മംഗളപത്രം തിരുമനസ്സിലേക്കു സമൎപ്പിച്ചു എന്നു പ്രസ്താവിച്ചിന്നല്ലൊ. അതു സുറിയാനി കത്തോലിക്കരുടെ വകയായിരുന്നു.

ആൺകുട്ടികളുടെയും പെൺകുട്ടികളുടേയും ആത്മികക്ഷേമത്തിനു ധ്യാനം അത്യാവശ്യമാണെന്നു ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റാണ്ടുകാരായ ചിലൎക്കു തോന്നുകയും തദനുസരണം അവരുടെ ധ്യാനം ഒരു കത്തോലിക്കാ വൈദികനെക്കൊണ്ടു നടത്തിക്കാൻ തീൎച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്നതായി കാണുന്നു.

സെൻറ് ലൂയിസ് സൎവ്വകലാശാലയിലെ ഒരു ജെസ്യൂററുവൈദികൻ കഴനാക്കപ്പലുകളുടെ ആക്രമണത്തെ നിരോധിക്കുന്നതിനുള്ള ഒരു പുതിയ വിദ്യകണ്ടുപിടിച്ചു ഗവൎമ്മേണ്ടിലേക്കു സമൎപ്പിച്ചിരിക്കുന്നു എന്നും അതിൻെറ പ്രയോഗം മുഴുവനും വൈദ്യുതശക്തികൊണ്ടു നടത്തപ്പെടുന്നതാണെന്നും കാണുന്നു.

ചൈനായിലെ കഴിഞ്ഞ കൊല്ലത്തെ കണക്കു നോക്കിയതിൽ പതിവുപോലെ മാനസാന്തരങ്ങൾ ഉണ്ടായിട്ടില്ലെന്നു കാണുന്നു. കഴിഞ്ഞ അനേകം വൎഷങ്ങളായി ആണ്ടൊന്നുക്കു ഒരു ലക്ഷം ആളുകൾ ക്രിസ്തുമതത്തിൽ ചേൎന്നുവന്നിരുന്നു. കഴിഞ്ഞ കൊല്ലത്തിൽ ൩൦൦൦൦ പേരെ ചേൎന്നിട്ടുള്ളൂ. യുദ്ധം നിമിത്തം മിഷ്യനറിമാരിൽ പലരേയും യൂറോപ്പിലേക്കു വിളിച്ചതാണ് ഇതിനു കാരണം.

വത്തിക്കാനിലെ ബ്രിട്ടീഷ് പ്രതിനിധിയായ സാലീസ് പ്രഭു അവൎകളുടെ ഒരു പുത്രൻ പടിഞ്ഞാറെ പോൎക്കളത്തിൽ വച്ചു കൊല്ലപ്പെട്ടിരിക്കുന്നു. പ്രഭു ആദ്യമായി റോമായിൽ എത്തി മാൎപ്പാപ്പായെ സന്ദൎശിച്ച അവസരത്തിൽ ഈ പുത്രനും അദ്ദേഹത്തിൻെറ കൂടെ ഉണ്ടായിരുന്നു. ഈ ദുഃഖവാൎത്ത കേട്ടപ്പോൾ തിരുമേനിയുടെ സഹതാപത്തെ പ്രദൎശിപ്പിക്കുന്നതിന്നായി അവിടുത്തെ ആവശ്യപ്രകാരം സ്റ്റേററു സെക്രട്ടറിയായ കൎദ്ദിനാൾ ഗ

സ്സാറി അവർകൾ പ്രഭുവിനെ സന്ദർശിക്കുകയുണ്ടായി. പ്രഭുവിൻെറ മറെറാരു പുത്രൻ കഠിനമായി മുറിവേററിരിക്കുകയാണു്.

ജപ്പാനിൽ കത്തോലിക്കാമതത്തോടുള്ള വിപ്രതിപത്തി എന്തുതന്നെയായാലും, ഈയിടെ ടോക്കിയോയിലെ മെയർ ചെയ്ത ഒരു പ്രസംഗത്തിൽ കത്തോലിക്കാവിശ്വാസത്തെ വളരെ ശ്ലാഘിക്കുകയുണ്ടായി. അദ്ദേഹം പ്രസ്താവിച്ചതായതു്:— ടോക്കിയൊ സർവ്വകലാശാലയിലെ മതബോധന പ്രോഫസ്സറായ ഡോക്ടർ അനസാക്കി മാഷഹാ അവർകൾ കഴിഞ്ഞ കൊല്ലത്തിൽ യൂറോപ്പു മുഴുവൻ ചുററിസഞ്ചരിക്കുകയുണ്ടായി. കത്തോലിക്കാസഭയേയും അതിലെ സന്ന്യാസസഭകളേയും പററി കൂടുതലായി ജ്ഞാനം ലഭിക്കുന്നതിനായിട്ടാണു ഈ യാത്രകഴിച്ചതു്. ഈ പരിശോധനയുടെ ഫലമായി, അദ്ദേഹത്തിൻെറ അറിവിൽപെട്ടടത്തോളം, മനുഷ്യവർഗ്ഗവുമായി സംഘടിതമായിരിക്കുന്ന സ്ഥാപനങ്ങളിൽ കത്തോലിക്കാസഭയേക്കാൾ മഹനീയവും പൂർണ്ണവും ബലിഷ്ഠവുമായി വേറെ ഒരു സഭയുമില്ല. ഇതിൻെറ കാരണം അധികാരത്തിനു കീഴ്പ്പെടേണമെന്നു ഈ സഭ നിഷ്കർഷിക്കുന്നതാണെന്നും അതുകൊണ്ടു ജപ്പാൻകാർ സ്വീകരിക്കേണ്ടതു കത്തോലിക്കാ മതമാണെന്നുമാണു മെയർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഇദ്ദേഹം വിശുദ്ധന്മാരെ ഭക്തിപൂർവ്വകമായി ശ്ലാഘിക്കുകയും അവരുടെ ധാർമ്മിക ആദർശങ്ങൾ, അനാത്മവാദം പ്രബലപ്പെട്ടിരിക്കുന്ന ഇക്കാലത്തു അപരിത്യാജ്യങ്ങളാണെന്നും, സാമുദായികോന്നതിയിൽ പോലും അവശ്യാവശ്യമായ ഒരു പ്രവർത്തകനാണു വിശുദ്ധനെന്നും സന്ന്യാസസഭകളിൽ നിന്നു നിർഗ്ഗമിക്കുന്ന ശക്തിയും മനുഷ്യവർഗ്ഗത്തിനു അവർ ചെയ്യുന്ന സഹായവും അവർണ്ണനീയമെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

ഭരണങ്ങാനത്തു ക്ലാരമഠത്തിലെ ഒരംഗമായ റവ. സിസ്ററർ ജത്രൂദ് അന്തിമകൂദാശകളെല്ലാം ഭക്തിപൂർവ്വം സ്വീകരിച്ചു ഈ മാസം ൧൦-ാനു മരണം പ്രാപിച്ചതായറിഞ്ഞു വ്യസനിക്കുന്നു. ആനക്കല്ലുങ്കൽ പള്ളി ഇടവക പൂവത്തിനാൽ എന്ന മാന്യ കുടുംബത്തിൽ ൧൮൮൭-ൽ ജാതയായി. ൧൯൦൧-ൽ ആണു കന്യകാമഠത്തിൽ ചേർന്നതു്. ൧൯൦൩-ൽ മണിയംകുന്നു പള്ളിയിൽവച്ചു മാക്കീൽ മാർ മത്തായി മെത്രാനവർകളിൽനിന്നു സഭാവസ്ത്രം സ്വീകരിക്കുകയും ൧൯൧൪-ൽ ആനക്കല്ലുങ്കൽ പള്ളിയിൽവച്ചു കുര്യാളശ്ശേരി മാർ തോമ്മാ മെത്രാനച്ചനവർകളുടെ സാന്നിദ്ധ്യത്തിൽ നിത്യവ്രതം അനുഷ്ഠിക്കയുമുണ്ടായി. മരണഹേതുകമായ ദീനം ഒരു കാലിൽ നീരും തൻമൂലമുണ്ടായ വ്രണവുമായിരുന്നു. മൃതശരീരം കുട, കുരിശു മുതലായ ആഘോഷ സാമഗ്രികളോടും ദർശനസമൂഹത്തോടും ഒട്ടേറെ വൈദികരുടെ സഹകരണത്തോടും കൂടി ആനക്കല്ലുങ്കൽ പള്ളിയിൽ കൊണ്ടുവരികയും ചരമകുർബ്ബാന, പ്രസംഗം മുതലായ മതകർമ്മങ്ങളുടെശേഷം അവിടെത്തന്നെ സംസ്കരിക്കുകയുമാണു ചെയ്തതു്. ദൈവഭക്തി, എളിമ, അനുസരണം, നിഷ്കപടത ഇത്യാദി സൽഗുണങ്ങളാൽ പ്രശോഭിതയായിരുന്ന ഈ സഹോദരിയുടെ ആത്മാവിനു നിത്യസമാധാനം ലഭിക്കുവാൻ വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

റഷ്യൻഗവർമ്മേണ്ടിൻെറ പ്രാതിനിധ്യം വഹിക്കുന്നതിനു വത്തിക്കാൻ അരമനയിലേക്കു അയച്ചിരിക്കുന്നതു പോളണ്ടുകാരനായ ഒരു കത്തോലിക്കനേയാണു്. ഇദ്ദേഹം പത്രലോകത്തിൽ വിശ്രുതനായ ഒരാളാണത്രെ. ഗുരുത്വംകൊണ്ടും പ്രയാസംകൊണ്ടും സങ്കലിതമായ ഒരുദ്യോഗമാണു ഇദ്ദേഹത്തിനു നിർവ്വഹിക്കാനുള്ളതു്. റഷ്യായിലെ പ്രൊവിൻഷ്യൽ ഗവർമ്മേണ്ടു മതസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെങ്കിലും, കത്തോലിക്കാ സഭക്കുള്ളതിൽ കൂടുതൽ സ്വാതന്ത്ര്യവും അവകാശവും തങ്ങൾക്കുണ്ടാകുവാനായി റഷ്യൻ ഓർത്തഡോക്സ് സഭക്കാർ ശ്രമിക്കുന്നുണ്ടെന്നുള്ളതിലേക്കു ലക്ഷ്യങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഗവർമ്മേണ്ടുമായുള്ള സഭയുടെ ബന്ധം വിട്ടുത്താതിരിക്കുന്നതിനു അവർ സർവ്വപ്രയത്നവും ചെയ്യുന്നതാണു്. റഷ്യൻപ്രതിനിധിയായ ഈ മന്ത്രി ഒരു കത്തോലിക്കനും, പ്രൊവിഷ്യൽ ഗവർമ്മേണ്ടു നല്ലതുമാണെന്നിരുന്നാലും, മതസംബന്ധമായി ചെയ്യേണമെന്നു റഷ്യൻഗവർമ്മേണ്ടഭിപ്രായപ്പെട്ടിരിക്കുന്ന നവീന വ്യവസ്ഥകളിൽ കഴിവുള്ളേടത്തോളം യാതൊരു വ്യത്യാസവും വരുത്താതെ വത്തിക്കാനിൽനിന്നും അവയ്ക്കു അനുമതിസിദ്ധിക്കാനായി ശ്രമിക്കുന്നതായി